പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

IT

നക്ഷത്ര ചിഹ്നമിട്ട

നിയമസഭാ ചോദ്യം : 481 — 15.07.2009- ൽ മറുപടിക്ക്.

**കെ.പി.എച്ച്.സി.സി. നിർമ്മിക്കുന്ന കെട്ടിടങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം<br>ശ്രീ. എ. എം. ആരിഫ്<br>ശ്രീ. എം. ഹംസ<br>ശ്രീ. സി. കെ. സദാശിവൻ<br>ശ്രീ. ആർ. സെൽവരാജ് | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) കേരള പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ (കെ.പി.എച്ച്.സി.സി.) പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; | : (എ) കേരള പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ (കെ.പി.എച്ച്.സി.സി) യുടെ പ്രവർത്തനം സർക്കാർ തലത്തിലും ഡിപ്പാർട്ടുമെന്റ് തലത്തിലും കാലാനുസൃതമായി വിലയിരുത്താറുണ്ട്. ഇത്തരം വിലയിരുത്തലിലൂടെ കെ.പി.എച്ച്.സി.സിയുടെ പ്രവർത്തനം ചിട്ടപ്പെടുത്തി കൂടുതൽ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടു പോകുന്നതിനു സഹായകമായിട്ടുണ്ട്. |
| (ബി) കെ.പി.എച്ച്.സി.സി. നിർമ്മിക്കുന്ന കെട്ടിടങ്ങൾ വേണ്ടത്ര ഗുണനിലവാരം ഇല്ലാത്തതാണെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതു പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | : (ബി) ഇല്ല. |

(സി) കോർപ്പറേഷൻ നിർമ്മിച്ച കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി യഥാസമയം നടത്തുന്നില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

: (സി) കെ.പി.എച്ച്.സി.സി. പോലീസ് വകുപ്പിന്റെ ഒരു നിർമ്മാണ ഏജൻസി മാത്രമാണ്. കോർപ്പറേഷനെ വകുപ്പ് ഏൽപ്പിക്കുന്ന ജോലികൾ പൂർത്തിയാക്കുകയാണ്, കെ.പി.എച്ച്.സി.സി.യുടെ ചുമതല. അറ്റകുറ്റപ്പണികൾക്കായി പ്രത്യേക ഫണ്ട് ഒന്നും തന്നെ പോലീസ് വകുപ്പ് നൽകിയിട്ടില്ല. എന്നാൽ 2008-09 വർഷം മുതൽ അറ്റകുറ്റപ്പണികൾക്കായി കെ.പി.എച്ച്.സി.സി.യുടെ പ്രൊപ്പോസൽ പ്രകാരം ''സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽ'' ഉൾപ്പെടുത്തി തുക വകയിരുത്തിയിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ അത്യാവശ്യം വേണ്ട അറ്റകുറ്റപ്പണികൾ നടത്തിവരികയുമാണ്.

(ഡി) കോർപ്പറേഷൻ ഇപ്പോൾ ഏതെല്ലാം കെട്ടിടങ്ങളുടെ നിർമ്മാണമാണ് നടത്തുന്നത് ; ഈ പണികളുടെ മൊത്തം എസ്റ്റിമേറ്റ് എത്രയാണ് ?

: (ഡി) കോർപ്പറേഷൻ ഇപ്പോൾ ഏറ്റെടുത്തു നടത്തുന്ന പണികളുടെയും എസ്റ്റിമേറ്റിന്റെയും വിശദവിവരം അനുബന്ധമായി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

## അനുബന്ധം

| | | | |
|---|---|---|---|
| 1 | പോലീസ് സ്റ്റേഷൻ | - | 19 |
| 2 | ട്രാഫിക്ക് പോലീസ് സ്റ്റേഷൻ | - | 6 |
| 3 | ബാരക്ക് | - | 1 |
| 4 | ഓഫീസ് ബ്ലോക്ക് | - | 6 |
| 5 | സർക്കിൾ ഇൻസ്പെക്ടർ ഓഫീസ് | - | 21 |
| 6 | പോലീസ് സ്റ്റേഷൻ എക്സ്റ്റൻഷൻ | - | 95 |
| 7 | പോലീസ് ലൈൻ | - | 6 |
| 8 | എസ് ഡി പി ഓഫീസ് | - | 10 |
| 9 | ഫോട്ടോഗ്രാഫിക്ക് ബ്യൂറോ | - | 1 |
| 10 | എ പി ബറ്റാലിയൻ ബിൽഡിംഗ് | - | 5 |
| 11 | കൺട്രോൾ റൂം | - | 8 |
| 12 | ജില്ലാ പോലീസ് ഓഫീസ് | - | 2 |
| 13 | വനിതാ പോലീസ് കോൺസ്ട്രബിൾ റസ്റ്റ് റൂം | - | 20 |
| 13 | എസ് ബി സി ഐ ഡി ഓഫീസ് | - | 5 |
| 14 | സി ബി സി ഐ ഡി ഓഫീസ് | - | 7 |
| 15 | ആംഡ് റിസർവ് ലൈൻ | - | 3 |
| 16 | സൈബർ ട്രയിനിംങ് സെന്റർ | - | 1 |
| 17 | എക്സ്പ്ലോസീവ് മാഗസീൻ | - | 3 |
| 18 | ട്രയിനിംങ് ഇൻഫ്രാസ്ട്രക്ചർ | - | 1 |
| 19 | കെന്നൽ | - | 8 |
| 20 | ഫോർട്ടിഫിക്കേഷൻ | - | 2 |
| 21 | അക്വാട്ടിക്ക് ട്രയിനിംങ് സെന്റർ | - | 1 |
| 22 | വിസിറ്റേഴ്സ് റൂം | - | 11 |
| 22 | വനിതാ സെൽ | - | 2 |
| 23 | ലോവർ സബോർഡിനേറ്റ് ക്വാർട്ടേഴ്സ് | - | 1698 |
| 24 | അപ്പർ സബോർഡിനേറ്റ് ക്വാർട്ടേഴ്സ് | - | '315 |

കൂടാതെ ജയിൽ വകുപ്പിനുവേണ്ടി താഴെപ്പറയുന്ന പണികൾ നടത്തിവരുന്നു.

| | |
|---|---|
| 1 | ന്യൂ ബ്ലോക്ക്, സബ് ജയിൽ, തിരുവനന്തപുരം ( വനിതകൾക്കുമാത്രം) |
| 2 | ന്യൂ ബ്ലോക്ക് ,(ബി) അഡീഷനൽ. സെൻട്രൽ പ്രിസൺസ് ,തിരുവനന്തപുരം. |
| 3 | ന്യൂ ബാരക്ക്, സെൻട്രൽ പ്രിസൺ, കണ്ണൂർ |
| 4 | അഡ്മിനിസ്ട്രേറ്റിവ് ഓഫീസ് തുറന്ന ജയിൽ, നെട്ടുകാൽത്തേരി |
| 5 | ന്യൂ കിച്ചൺ, വിയ്യൂർ സെൻട്രൽ പ്രിസൺസ് |
| 6 | ലോവർ സബോർഡിനേറ്റ്സ് ക്വാർട്ടേഴ്സ് കാക്കനാട് (12 എണ്ണം) |
| 7 | ന്യൂ ബ്ലോക്ക് (A), സെൻട്രൽ പ്രിസൺസ്, തിരുവനന്തപുരം |
| 8 | കിച്ചൺ ബ്ലോക്ക്, ജില്ലാ ജയിൽ, കോഴിക്കോട് |
| 9 | ന്യൂ ബ്ലോക്ക് , സബ് ജയിൽ, മാവേലിക്കര |
| 10 | ന്യൂ ബ്ലോക്ക് ജില്ലാ ജയിൽ, കൊല്ലം |
| 11 | ന്യൂ ബാരക്ക് ബ്ലോക്ക് (A) തുറന്ന ജയിൽ നെട്ടുകാൽത്തേരി |
| 12 | ന്യൂ ബാരക്ക്സ് , തുറന്ന ജയിൽ, ചീമേനി , കാസറഗോഡ് |
| 13 | സൂപ്രണ്ട് ക്വാർട്ടേഴ്സ്. തുറന്ന ജയിൽ, ചീമേനി , കാസറഗോഡ് |
| 14 | മൾട്ടിപ്പർപ്പസ് ബ്ലോക്ക് , സെൻട്രൽ പ്രിസൺസ് , തിരുവനന്തപുരം |
| 15 | അപ്പർ സബോർഡിനേറ്റ്സ് ക്വാർട്ടേഴ്സ് കാക്കനാട് (6 എണ്ണം) |

(Cont.)

ഇതിനു പുറമെ ISRO യ്ക്ക് വേണ്ടി വേളിയിൽ ഒരു ഹോസ്റ്റൽ കോംപ്ലക്സിന് 15.50 കോടി രൂപയും കേരള മിനറൽസ് ആന്റ് മെറ്റൽസിനു (KMML) വേണ്ടി 13 കെട്ടിടങ്ങളടങ്ങിയ റ്റൈറ്റാനിയം സ്പോഞ്ച് പ്ലാന്റിന് 28 കോടി രൂപയും, കേരളാ ബുക്ക്സ് ആന്റ് പബ്ലികേഷൻ സൊസൈറ്റി (KBPS) ക്ക് വേണ്ടി 2.50 കോടി രൂപയുടെ കെട്ടിടങ്ങളും, കേരളാ മെഡിക്കൽ സർവീസ് കോർപ്പറേഷനുവേണ്ടി ജില്ലാ വെയർ ഹൗസ് കളുടെ നവീകരണത്തിന് 5 കോടി രൂപയും, കേരളാ ലൈവ് സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡിനുവേണ്ടി കുളത്തുപ്പുഴയിൽ ഒരു ഹൈടെക് ഡയറി ഫാം ന് 2.60 കോടി രൂപയും, കേരളാ ടൂറിസം വകുപ്പിനുവേണ്ടി വയനാട്ടിലും കുത്തുപറമ്പിലും നടത്തിവരുന്ന നിർമ്മാണ ജോലികൾക്ക് 2.95 കോടി രൂപയും, കേരളാ സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനു വേണ്ടി തിരുവനന്തപുരത്ത് ഹൈപ്പർ മാർക്കറ്റിന്റെ നിർമ്മാണത്തിന് 1.25 കോടി രൂപയുടേയും ജോലികൾ കോർപ്പറേഷൻ ഏറ്റെടുത്ത് നടത്തിവരികയാണ്. മുകളിൽ പറഞ്ഞ എല്ലാ പണികളുടെയും കൂടി ആകെ എസ്റ്റിമേറ്റ് തുക 96.00 കോടി രൂപയോളം വരും

Ambika Devi
സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.482

15.07.2009 -ൽ മറുപടിക്ക്

## കുടുംബശ്രീ ഉൽപ്പന്നങ്ങളുടെ വിപണനത്തിന് സ്ഥിരം കേന്ദ്രങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>ശ്രീ.മഞ്ഞളാംകുഴി അലി<br>ശ്രീമതി.പി.അയിഷാ പോറ്റി<br>ശ്രീ.പി. വിശ്വൻ | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി |
| (എ) (എ) കുടുംബശ്രീ ഉല്പന്നങ്ങളുടെ വിപണനത്തിന് തദ്ദേശ സ്ഥാപനങ്ങൾ സ്ഥിരം വിപണന കേന്ദ്രങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? | (എ) കുടുംബശ്രീ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി സ്ഥിരം വിപണന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. നഗര ഗ്രാമ പ്രദേശങ്ങളിൽ സ്ഥിരം വിപണന കേന്ദ്രം സ്ഥാപിച്ച് സമഗ്രമായ ഒരു വിപണന ശൃംഖല തുടങ്ങുന്നതിന് കുടുംബശ്രീ ലക്ഷ്യമിടുന്നു. ഇതിന്റെ മുന്നോടിയായി എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ഓരോ വിപണന കേന്ദ്രം ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) കുടുംബശ്രീ ഉല്പന്നങ്ങളുടെ വിപണത്തിനായി ആവിഷ്കരിച്ച മാസചന്തകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | (ബി) ജില്ലാ മിഷനുകളുടെ മാസാന്ത്യ അവലോകന യോഗങ്ങളിൽ മാസചന്തകളുടെ പ്രവർത്തനം വിലയിരുത്തുന്നുണ്ട്. ജില്ലാ മിഷനുകളിൽ നിന്ന് ലഭിക്കുന്ന റിപ്പോർട്ട് സംസ്ഥാന മിഷൻ ക്രോഡീകരിച്ച് സംസ്ഥാനത്തൊട്ടാകെയുള്ള മാസചന്തകളുടെ പ്രവർത്തനം വിലയിരുത്തുന്നുണ്ട്. ഇതു കൂടാതെ കുടുംബശ്രീ ഉപഭോക്തൃ വിശകലന ഫോറം മുഖേന ഉപഭോക്താക്കളുടെ അഭിപ്രായവും രേഖപ്പെടുത്തുന്നുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ |

| | | | |
|---|---|---|---|
| | | | ഗുണപരമായ മാറ്റങ്ങൾ മാസചന്തയുടെ സംഘാടനത്തിലും ഉല്പന്നങ്ങളിലും വരുത്തിയിട്ടുണ്ട്. |
| (സി) | ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

-

**കേരള സർക്കാർ**
**പന്ത്രണ്ടാം കേരള നിയമസഭ**
**11 -ാം സമ്മേളനം**

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 483 | 15.07.2009 ൽ ബഹു: ധനകാര്യ വകുപ്പ് മന്ത്രി മറുപടി നൽകേണ്ടത് |

**ദേശീയ സമ്പാദ്യ പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.എം. മോനായി<br>പ്രൊഫ. സി.രവീന്ദ്രനാഥ്<br>ശ്രീ.. കെ.വി. അബ്ദുൾ ഖാദർ<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ<br>ശ്രീ.. എ.സി. മൊയ്തീൻ | ഡോ.റ്റി.എം. തോമസ് ഐസക്ക്<br>ബഹുമാനപ്പെട്ട ധനകാര്യ വകുപ്പ് മന്ത്രി |

| | | |
|---|---|---|
| (എ) | ദേശീയ സമ്പാദ്യ പദ്ധതി മുഖേനയുള്ള നിക്ഷേപ സമാഹരണ ലക്ഷ്യം കൈവരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | ദേശീയ സമ്പാദ്യ പദ്ധതി നിക്ഷേപ സമാഹരണത്തിനായി ഓരോ വർഷവും സംസ്ഥാന തലത്തിൽ പ്രത്യേക നിക്ഷേപലക്ഷ്യം നിശ്ചയിച്ച് ആയത് ജില്ലകൾക്ക് വീതിച്ച് നൽകിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കാറുണ്ട്. 2009 - 2010 സാമ്പത്തിക വർഷത്തിൽ 2600 കോടി രൂപ മിച്ച നിക്ഷേപമായി സമാഹരിക്കുവാൻ തീരുമാനിക്കുകയും ആയത് സ.ഉ.(സാധാ) നം.4398/2009/ധന. തിയതി 24.06.2009 പ്രകാരം ജില്ലകൾക്ക് വീതിച്ച് നൽകികൊണ്ടും ഉത്തരവായിട്ടുണ്ട്. അതാതു ജില്ലാ കളക്ടർമാർ തങ്ങളുടെ ലക്ഷ്യം ദേശീയ സമ്പാദ്യ പദ്ധതി നിക്ഷേപ സമാഹരണ ചുമതല നൽകിയിട്ടുള്ള ജില്ലാ ഓഫീസർമാർക്ക് വീതിച്ച് നൽകുകയും അവരുടെ സമാഹരണ പ്രവർത്തനം പ്രതിമാസം അവലോകനം ചെയ്ത് സർക്കാരിനെ അറിയിക്കുകയും ചെയ്യുന്നു. |

| | | |
|---|---|---|
| | | എല്ലാ ജില്ലയിലും ജില്ലാകളക്ടറുടെ കീഴിൽ ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റൻറ് ഡയറക്ടർ തസ്തികയിലുള്ള ഉദ്യോഗസ്ഥൻമാരെ സമാഹരണ പ്രവർത്തനത്തിനായി പ്രത്യേകം നിയോഗിച്ചിട്ടുണ്ട്. ഈ ഉദ്യോഗസ്ഥൻ മാരുടെ മേൽനോട്ടത്തിൽ ഓരോ ജില്ലയിലും ആയിരത്തോളം വരുന്ന മഹിളാ പ്രധാൻ എസ്.എ.എസ് , പി.പി.എഫ് ഏജൻറുമാർ നിക്ഷേപ സമാഹരണം നടത്തിവരുന്നു. ദേശീയ സമ്പാദ്യ പദ്ധതി നിക്ഷേപ സമാഹരണത്തിൽ ഏജൻറുമാർ മുഖ്യ പങ്കുവഹിക്കുന്നു. നിക്ഷേപ സമാഹരണവുമായി ബന്ധപ്പെട്ട് ജില്ലയിലെ ഉദ്യോഗസ്ഥരും, അനുദ്യോഗസ്ഥരും. സന്നദ്ധ സംഘടനയിലെ അംഗങ്ങളും, ഏജൻറു മാരും കൂട്ടായി കൂടുതൽ തുക നിക്ഷേപിക്കുവാൻ പ്രാപ്തിയുള്ള നിക്ഷേപകരെ കണ്ടെത്തി അവരുടെ പട്ടിക തയ്യാറാക്കുകയും, അവരെ നേരിൽ കണ്ട് പദ്ധതിയുടെ പ്രയോജനങ്ങളെപ്പറ്റി ബോധവാൻമാരാക്കുകയും, അവരിൽ നിന്നും പരമാവധി നിക്ഷേപം സ്വരൂപിക്കുകയും ചെയ്തുവരുന്നു. അതുപോലെ വിദേശത്ത് ജോലിചെയ്യുന്നവരുടെ ബന്ധുക്കളെ നേരിൽ കണ്ട് അവരുടെ സഹകരണവും ഈ കാര്യത്തിൽ ഉറപ്പുവരുത്തുന്നുണ്ട്. കൂടാതെ ദേശീയ സമ്പാദ്യ പദ്ധതി ഏജൻറുമാർക്കും പ്രത്യേക സമാഹരണ |

| | | |
|---|---|---|
| | | ലക്ഷ്യ തുക നിശ്ചയിച്ച് നൽകുകയും, അവരുടെ പ്രവർത്തനം പ്രതിമാസം ബ്ലോക്കുതലത്തിൽ ബി.ഡി.ഒ മാരും ജില്ലാ ദേശീയ സമ്പാദ്യ പദ്ധതി ഉദ്യോഗസ്ഥരും ജില്ലാ തലത്തിൽ ജില്ലാ കളക്ടറും അവലോകനം നടത്തി വരുന്നു. സംസ്ഥാനതലത്തിൽ ദേശീയ സമ്പാദ്യ പദ്ധതി ഉദ്യോഗസ്ഥൻമാരുടെ അവലോകനയോഗം ബഹു. ധനകാര്യ വകുപ്പു മന്ത്രി തലത്തിലും, വകുപ്പു സെക്രട്ടറി തലത്തിലും, ഡയറക്ടറുടെ തലത്തിലും നടത്താറുണ്ട്. ജില്ലാ കളക്ടർമാരുടെ യോഗത്തിലും ദേശീയ സമ്പാദ്യ പദ്ധതി നിക്ഷേപ സമാഹരണ പുരോഗതി പ്രത്യേകം അവലോകനം ചെയ്യാറുണ്ട്. ഇതു കൂടാതെ കേന്ദ്ര, സംസ്ഥാന സർക്കാർ ആഫീസുകളിലും, സ്കൂളുകളിലും, തോട്ടം മേഖലയിലും, വ്യവസായ സ്ഥാപനങ്ങളിലും മറ്റും ജോലിചെയ്യുന്ന ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും മാസംതോറും ഒരു നിശ്ചിത തുക നേരിട്ട് പിടിച്ച് പോസ്റ്റാഫീസിൽ അടയ്ക്കുന്ന പേറോൾ സേവിംഗ്സ് സ്കീമിന്റെ പ്രവർത്തനം ത്വരിതപ്പെടുത്താൻ ജില്ലാ ദേശീയ സമ്പാദ്യ പദ്ധതി ഓഫീസർമാർക്ക് പ്രത്യേകം നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>അദ്ധ്യാപകരുടെയും രക്ഷിതാക്കളുടെയും സഹകരണത്തോടെ സ്കൂളുകളിൽ നടത്തുന്ന സഞ്ചയിക സമ്പാദ്യ പദ്ധതി പ്രവർത്തനവും |

| | | |
|---|---|---|
| | | ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുന്നുണ്ട്.<br>ദേശീയ സമ്പാദ്യ പദ്ധതി നിക്ഷേപങ്ങൾ ആകർഷകമാക്കാൻ പത്രമാധ്യമങ്ങളിലൂടെ പരസ്യ പ്രചാരണവും നടത്തുന്നുണ്ട്.<br>ഇതെല്ലാമാണ് ദേശീയ സമ്പാദ്യ പദ്ധതി നിക്ഷേപ സമാഹരണ ലക്ഷ്യം കൈവരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ. |
| (ബി) | കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; | ഇല്ല |
| (സി) | നിക്ഷേപ പദ്ധതി ആകർഷകമാക്കുന്നതിന് നിക്ഷേപകർക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ; | സംസ്ഥാന സർക്കാർ ഇക്കാര്യം പല പ്രാവശ്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടു വന്നിട്ടുണ്ട്. |
| (ഡി) | മഹിളാ പ്രധാൻ / എസ്.എ.എസ് ഏജന്റുമാരുടെ ആനുകൂല്യങ്ങൾ പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ; | 2008 ഡിസംബർ വരെയുള്ള തുക പൂർണ്ണമായി വിതരണം ചെയ്തിട്ടുണ്ട്. 2009 ജനുവരി മുതൽ മാർച്ച് വരെയുള്ള 3 മാസത്തെ അലവൻസ് കുടിശിക നൽകുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 484 | 15.07.2009 ലെ മറുപടിയ്ക്ക്

## 13-ാം ധനകാര്യ കമ്മീഷനു സമർപ്പിച്ച നിവേദനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. പ്രദീപ് കുമാർ<br>ശ്രീ. അൽഫോൺസ് കണ്ണന്താനം<br>ശ്രീ. പി. ജയരാജൻ<br>ശ്രീ. പി. കൃഷ്ണപ്രസാദ് | ഡോ. റ്റി. എം.തോമസ് ഐസക്,<br>ധനകാര്യ വകുപ്പുമന്ത്രി |
| (എ) 13-ാം ധനകാര്യ കമ്മീഷന് സർക്കാർ സമർപ്പിച്ച നിവേദനത്തിൽ എന്തെല്ലാം ആവശ്യങ്ങളാണ് ഉന്നയിച്ചിട്ടുള്ളത്; | (എ) 13-ാം ധനകാര്യ കമ്മീഷൻ മുമ്പാകെ സർക്കാർ സമർപ്പിച്ച നിവേദനത്തിന്റെ പ്രസക്ത ഭാഗങ്ങൾ ചുവടെ വിവരിക്കുന്നു.<br>(i) കേന്ദ്ര നികുതിയുടെ സംസ്ഥാനങ്ങൾക്കുള്ള വിഹിതം 30.5 ശതമാനത്തിൽ നിന്നും 50 ശതമാനമായി വർദ്ധിപ്പിക്കുക. കൂടാതെ ജനസംഖ്യ (1971 കനേഷുമാരി)-70%, വരുമാന അന്തരം അഥവാ പിന്നോക്കാവസ്ഥ (1971 ലെ ജനസംഖ്യ ക്കനുസരിച്ച്)-10%,ഭുവിസ്തൃതി ക്രമപ്പെടുത്തിയത്)-5%, നികുതി കാര്യക്ഷമത (Tax effort)-10%, ഫിസ്ക്കൽ പെർഫോർമെൻസ് (Fiscal Performance)-5%. എന്നീ മാനദണ്ഡങ്ങളുടെയും വെയിറ്റേജുകളുടെയും അടിസ്ഥാനത്തിൽ കേന്ദ്രനികുതി വിഹിതം സംസ്ഥാനങ്ങൾക്കിടയിൽ വിഭജിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.<br>(ii) പദ്ധതിയേതര റവന്യൂ കമ്മി ഗ്രാന്റും പദ്ധതി റവന്യൂ കമ്മി ഗ്രാന്റും അനുച്ഛേദം 275 പ്രകാരമുള്ള ഗ്രാന്റായി നൽകണമെന്ന് കമ്മിഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്.<br>(iii) ഭരണഘടനയുടെ അനുച്ഛേദം 275 പ്രകാരമുള്ള ഗ്രാന്റ്-ഇൻ-എയ്ഡായി ഉദ്ദേശം 32809.39 കോടി രൂപ വിവിധ വകുപ്പുകളുടെ പ്രത്യേക പ്രശ്നങ്ങൾ, സംരക്ഷണം, സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, |

അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ തുടങ്ങിയ കാര്യങ്ങൾ ക്കായി ആവശ്യപ്പെട്ടിട്ടുണ്ട്.

(iv) ധനകാര്യ കമ്മിഷൻ വഴിയുള്ള വിഭവവിഭജനം, കേന്ദ്ര വരുമാനത്തിന്റെ വിഹിതം ലഭിക്കാനുള്ള സംസ്ഥാന ങ്ങളുടെ ഭരണഘടനാപരമായ ഒരു അവകാശത്തിന്റെ പ്രതിഫലനമാകയാൽ ഇതിന് കേന്ദ്ര മന്ത്രാലയങ്ങളുടെ കർശന നിബന്ധനകൾ ഏർപ്പെടുത്താൻ പാടില്ല.

(v) സംസ്ഥാനങ്ങളുടെ പരിധിയിൽ വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ കുറച്ചുകൊണ്ടു വരുകയോ സംസ്ഥാന പദ്ധതിയിലേക്ക് കൈമാറുകയോ ചെയ്യേണ്ടതാണ്. കൂടാതെ, ഗാഡ്ഗിൽ ഫോർമുല പ്രകാരമുള്ള സാധാരണ കേന്ദ്ര സഹായത്തിന് (NCA) ചരടുകളൊന്നുമില്ലാത്തതി നാലും അതേസമയം കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള സഹായം വിവേചനപരവും നിബന്ധനകൾക്ക് വിധേയവുമാണെന്നതിനാലും സാധാരണ കേന്ദ്രസഹായം വർദ്ധിപ്പിക്കേണ്ടതും അത് പൂർണ്ണമായും ഗാഡ്ഗിൽ ഫോർമുല പ്രകാരം മാത്രം നൽകേണ്ടതുമാണ്.

(vi) പൊതു വിപണിയിൽ നിന്നുള്ള കടമെടുപ്പിന്റെ സംസ്ഥാനങ്ങളുടെ വിഹിതം ഇപ്പോൾ ഏകദേശം 20% ആണ്. ഈ വിഹിതം 2010-11 ൽ 33.33%-വും 2014-15 ഓടെ 50%-ആയും ഉയർത്തേണ്ടതാണ്. സാധാരണ കേന്ദ്രസഹായത്തിന്റെ (NCA) ഗ്രാന്റ് ഭാഗം 30 ശതമാനത്തിൽ നിന്നും 50 ശതമാനമായി വർദ്ധിപ്പിക്കേണ്ടതാണ്. എല്ലാമുൻകാല കേന്ദ്രവായ്പകളും അതിന്റെ പലിശയും എഴുതിത്തള്ളേണ്ടതുമാണ്.

(vii) സംസ്ഥാനങ്ങളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആകെ ചെലവ് മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ (GDP) 1.5%-ൽ നിന്ന് 5%-മായി ഉയർത്തേണ്ടതും ഇതിന്റെ അധികതുകയുടെ പകുതി

| | |
|---|---|
| | എല്ലാ സംസ്ഥാനങ്ങളിലെയും തദ്ദേശ സ്വയംഭരണ സർക്കാരുകൾ ശക്തിപ്പെടുത്തുന്നതിന് വേണ്ടി സംസ്ഥാന സർക്കാരുകൾക്ക് അനുച്ഛേദം 275 പ്രകാരമുള്ള ഗ്രാന്റായി നൽകേണ്ടതുമാണ്.<br>(viii) കടലാക്രമണം, ഇടിമിന്നൽ, വെള്ളക്കെട്ട് എന്നിവ പ്രകൃതി ദുരന്തങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.<br>(ix) ദുരിതാശ്വാസ നിധിയുടെ കോർപ്പസ് (corpus) ബന്ധപ്പെട്ട സംസ്ഥാനങ്ങളുടെ വാർഷികപദ്ധതിയുടെ 10%-മായി ഉയർത്തേണ്ടതും ഇതിന്റെ കേന്ദ്രവിഹിതം 75 ൽ നിന്നും 90 ശതമാനമായി ഉയർത്തേണ്ടതുമാണ്.<br>എൻ.സി.സി.എഫ് (NCCF)-ന്റെ കോർപ്പസ് നിലവിലുള്ള 500 കോടിയിൽ നിന്ന് 1000 കോടിയായി ഉയർത്തുക. (മെമ്മോറാണ്ടത്തിലെ പ്രധാന നിർദ്ദേശങ്ങൾ എ – കണ്ടാലും) |
| **(ബി)** കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നിലവിലുള്ള സംവിധാനത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് ആവശ്യപ്പെട്ടിട്ടുളളത്; | **(ബി)** ഭരണഘടന പ്രകാരം സംസ്ഥാനങ്ങളുടെ ചുമതലകളിലും ഉത്തരവാദിത്തത്തിലും വരുന്ന മേഖലകളിൽ കേന്ദ്ര പദ്ധതികൾ കടന്നു കയറാൻ പാടില്ല. ഇത്തരം മേഖലകളിലെ വികസന പദ്ധതികൾ ഏറെക്കുറെ പൂർണ്ണമായും സംസ്ഥാന പദ്ധതികളിലൂടെ കൈകാര്യം ചെയ്യാൻ അനുവദിക്കേണ്ടതാണ്. വികസന ശ്രമങ്ങളുടെ ചാലകമെന്ന നിലയിൽ സംസ്ഥാന പദ്ധതിയുടെ പ്രാമുഖ്യം (ഗാഡ്ഗിൽ ഫോർമുല പ്രകാരമുള്ള ധനസഹായം വഴി) ആവർത്തിച്ച് ഉറപ്പിക്കേണ്ടതാണ്. ഓരോ സംസ്ഥാനത്തിന്റെയും മുൻഗണനാ മേഖലകളും, പ്രത്യേക പ്രശ്നങ്ങളും, പ്രധാനമായും അതാത് സംസ്ഥാന പദ്ധതിയിലൂടെ പരിഹരിക്കേണ്ടതാണ്.<br><br>ഇത് സാധിക്കണമെങ്കിൽ സംസ്ഥാന പദ്ധതികളുടെ വലിപ്പം വർദ്ധിപ്പിക്കേണ്ടതുണ്ട്. ഇതിനുവേണ്ടി കൂടുതൽ കേന്ദ്ര സഹായം ഗാഡ്ഗിൽ ഫോർമുല പ്രകാരമുള്ള ഗ്രാന്റായി സംസ്ഥാനങ്ങൾക്ക് നൽകേണ്ടതാണ് |

| | |
|---|---|
| | (കേന്ദ്രസഹായത്തിൽ വായ്പയുടെ ഘടകം പാടില്ല).<br><br>സംസ്ഥാനങ്ങളുടെ പരിധിയിൽ വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ കുറച്ചുകൊണ്ടു വരുകയോ സംസ്ഥാന പദ്ധതിയിലേക്ക് കൈമാറുകയോ ചെയ്യേണ്ടതാണ്. കൂടാതെ, ഗാഡ്ഗിൽ ഫോർമുല പ്രകാരമുള്ള സാധാരണ കേന്ദ്ര സഹായത്തിന് (NCA) ചരടുകളൊന്നുമില്ലാത്തതിനാലും അതേസമയം കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള സഹായം വിവേചനപരവും നിബന്ധനകൾക്ക് വിധേയവുമാണെന്നതിനാലും സാധാരണകേന്ദ്രസഹായം വർദ്ധിപ്പിക്കേണ്ടതും അത് പൂർണ്ണമായും ഗാഡ്ഗിൽ ഫോർമുല പ്രകാരം മാത്രം നൽകേണ്ടതുമാണ്. |
| **(സി)** കേന്ദ്ര നികുതിയുടെ സംസ്ഥാന വിഹിതം അനുവദിക്കുന്നതു സംബന്ധിച്ച് എന്തെല്ലാം നിർദ്ദേശങ്ങളാണ് സമർപ്പിച്ചിട്ടുള്ളത്; | **(സി)**കേന്ദ്രത്തിൽ നിന്നും സംസ്ഥാനങ്ങളിലേക്കുള്ള വിഭവ കൈമാറ്റത്തിൽ ഉൾപ്പെട്ടിട്ടുള്ള വിവിധ ഘടകങ്ങളുടെ പുനർക്രമീകരണം സംബന്ധിച്ച് ഒരു പുതിയ രീതി നിർദ്ദേശിച്ചിട്ടുണ്ട്. നിലവിലുള്ള രീതിയും (2008-09) പുതിയ രീതിയും (2014-15) താഴെ കൊടുത്തിരിക്കുന്നു. ഇത് കേന്ദ്ര സർക്കാരിന് വളരെ പ്രയാസമില്ലാതെ ചെയ്യാവുന്നതാണ്. |

| ഇനം | കേന്ദ്രനികുതിയുടെ വിഭജിക്കാവുന്ന ഭാഗം ശതമാനത്തിൽ | |
|---|---|---|
| | നിലവിലുള്ള രീതി | പുതിയ രീതി |
| 1. നികുതി വിഹിതം | 30.50 | 50 |
| 2. അനുച്ഛേദം 275 പ്രകാരമുള്ള ഗ്രാന്റ് | 5.95 | 3 |
| 3. കേന്ദ്ര സഹായത്തിന്റെ ഭാഗമായിട്ടുള്ള സംസ്ഥാന പദ്ധതിയ്ക്കുള്ള സാധാരണ കേന്ദ്ര സഹായം (NCA) | 3.14 | 7 |
| 4. ആകെ (1+2+3) | 39.59 | 60 |
| 5. മറ്റ് പദ്ധതിയേതര ധനസഹായം | 1.36 | 1 |
| 6. സാധാരണ കേന്ദ്ര സഹായത്തിനു (NCA) പുറമെയുള്ള സംസ്ഥാന പദ്ധതിയ്ക്കുള്ള കേന്ദ്രസഹായം | 6.17 | 1.25 |
| 7. സ്വയംഭരണസ്ഥാപനങ്ങൾക്ക് നേരിട്ട് നൽകുന്നതുൾപ്പെടെയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ | 14.04 | 2.75 |
| 8. ആകെ (5+6+7) | 21.57 | 5 |
| **9. ആകെ മൊത്തം (4+8)** | **61.16** | **65** |

നോട്ട്: വിഭജിക്കാവുന്ന ഭാഗം മൊത്തം നികുതിവരുമാനത്തിന്റെ ഏകദേശം 85 ശതമാനമായി കണക്കാക്കിയിരിക്കുന്നു.

| | |
|---|---|
| **(ഡി)** സർക്കാരിന്റെ നിവേദനത്തിന്മേൽ കമ്മീഷൻ കൂടുതൽ എന്തെങ്കിലും വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ടോ; | 13-ാം ധനകാര്യ കമ്മീഷൻ 2009 ഫെബ്രുവരിയിൽ കേരള സർക്കാരുമായി നടത്തിയ കൂടിക്കാഴ്ചയിൽ സംസ്ഥാന സർക്കാർ സമർപ്പിച്ച നിവേദനത്തിന്മേൽ ചില നിരീക്ഷണങ്ങൾ നടത്തിയിട്ടുണ്ടായിരുന്നു. |
| **(ഇ)** ധനകാര്യ കമ്മീഷൻ റിപ്പോർട്ട് എന്ന് സമർപ്പിക്കും എന്നാണ് പ്രതീക്ഷിക്കുന്നത് ? | ധനകാര്യ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് പ്രകാരം 2009 ഒക്ടോബറോടെ റിപ്പോർട്ട് സമർപ്പിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് |

**സെക്ഷൻ ഓഫീസർ**

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.485 15-7-2009-ന് മറുപടിക്ക്

## ചേരി നിർമ്മാർജ്ജനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എ.അസീസ്<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | ശ്രീ.പാലോളി മുഹമ്മദ്കുട്ടി,<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| എ) കേരളത്തിൽ ചേരികൾ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) കേരളത്തിൽ ചേരികൾ വർദ്ധിച്ചുവരുന്ന പ്രവണതയില്ല. |
| ബി) ചേരി നിർമ്മാർജ്ജനത്തിനായി സംസ്ഥാനത്ത് നിലവിൽ എന്തെങ്കിലും നിയമമുണ്ടോ; | ബി) ഉണ്ട്. |
| സി) എങ്കിൽ എന്നുമുതൽ പ്രാബല്യത്തിൽ വന്നുവെന്ന് വ്യക്തമാക്കാമോ; | സി) ചേരി നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് കേരള സ്ലം ഏരിയാസ് ഇംപ്രൂവ്മെന്റ് ആന്റ് ക്ലിയറൻസ് ആക്ട് 1981 ൽ നിലവിൽ വന്നു. ഇതുമായി ബന്ധപ്പെട്ട ചട്ടങ്ങൾ നിലവിൽ വന്നിട്ടില്ല. |
| ഡി) ചേരി നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ? | ഡി) ഐ.എച്ച്.എസ്.ഡി.പി., ബി.എസ്.യു.പി. എന്നീ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ കൂടി ചേരി നിവാരണത്തിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.<br>ഐ.എച്ച്.എസ്.ഡി.പി. യിൽ 35 മുനിസിപ്പാലിറ്റികളിലായി 37 പ്രോജക്ടുകളും, ബി.എസ്.യു.പി.യിൽ തിരുവനന്തപുരത്ത് 4 പ്രോജക്ടുകളും, കൊച്ചിയിൽ 3 പ്രോജക്ടുകളും ചെയ്തു വരുന്നു. മേൽ പറഞ്ഞ പദ്ധതികളിലൂടെ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.<br>• ഭവന നിർമ്മാണം, പുനരുദ്ധാരണം, പുനരധിവാസം. |

- അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.
- സാമൂഹ്യ സേവനങ്ങൾ മെച്ചപ്പെടുത്തുക
- ചേരിവികസന സമിതി, കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റി എന്നിവ മുഖേന ഗുണഭോക്തൃ ശാക്തീകരണം
- ഖരമാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ - ബയോഗ്യാസ്, മണ്ണിര കമ്പോസ്റ്റിംഗ്
- മലിനജല സംസ്കരണം
- ബാലസഭ രൂപീകരണവും പ്രവർത്തനങ്ങളും
- ഉപജീവനമാർഗ്ഗങ്ങൾ മെച്ചപ്പെടുത്തുക - പരിശീലനങ്ങൾ, സംരംഭ സഹായം, ബാങ്ക് വായ്പ ക്രമീകരണം, അടിസ്ഥാന സൗകര്യ വികസനം
- ആരോഗ്യ, വിദ്യാഭ്യാസ പിന്തുണ

ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതിയിലുൾപ്പെടുത്തി വീടു നിർമ്മിച്ചു നൽകി ചേരി നിർമ്മാർജ്ജനത്തിനാവശ്യമായ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ 1981-ലെ കേരള സ്ലം ഏരിയാസ് ഇംപ്രൂവ്മെന്റ് ആന്റ് ക്ലിയറൻസ് ആക്റ്റ് കാലോചിതമായി മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 486

15-7-2009 ൽ
മറുപടിക്ക്

## പ്രവാസികൾക്കായി കെ.ടി.ഡി.സി. പാക്കേജ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുരളി പെരുനെല്ലി :<br>ശ്രീ. കെ.വി. അബ്ദുൾ ഖാദർ :<br>ശ്രീ. വി. ശശികുമാർ :<br>ശ്രീ. എ.എം. യൂസഫ് :<br>ശ്രീ. കെ.ടി. ജലീൽ : | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) അവധിക്കാലത്ത് നാട്ടിലെത്തുന്ന പ്രവാസികൾക്കായി കെ.ടി.ഡി.സി. പ്രഖ്യാപിച്ചിട്ടുള്ള ടൂറിസം പാക്കേജിൽ താമസ സൗകര്യത്തിന് ഇവർക്ക് ഇളവ് നൽകുമോ; | എ) കെ.ടി.ഡി.സി. ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ള പാക്കേജിൽ തന്നെ ഇളവുകൾ നൽകിയിട്ടുണ്ട്. നിലവിലുള്ള പാക്കേജുകൾ എല്ലാം തന്നെ താമസത്തിന് ഇളവുകൾ നൽകി രൂപപ്പെടുത്തിയവയാണ്. നാട്ടിൽ എത്തുന്ന പ്രവാസികൾക്കും ഈ ആനുകൂല്യം ലഭ്യമാക്കാവുന്നതാണ്. വിവിധ പാക്കേജുകളുടെ വിശദാംശങ്ങൾ ഇതിനോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |
| ബി) ഏതെല്ലാം കേന്ദ്രങ്ങളിൽ നിന്നാണ് ഈ പദ്ധതി പ്രകാരമുള്ള ടൂർ ആരംഭിക്കുന്നത്; | ബി) കെ.ടി.ഡി.സി. യുടെ പാക്കേജുകൾ കൊച്ചി, തിരുവനന്തപുരം എന്നീ പ്രധാന നഗരങ്ങളിലെ റെയിൽവേ സ്റ്റേഷൻ/എയർപോർട്ടിൽ നിന്നാരംഭിച്ച് അവസാനിക്കുന്ന വിധമാണ് തയ്യാറാക്കിയിരിക്കുന്നത്. നിലവിൽ പ്രധാനമായും മൂന്ന് പാക്കേജുകളാണ് കെ.ടി.ഡി.സി. ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്.<br><br>1) 5 രാവും / 6 പകലുമുള്ള പാക്കേജ് I<br>കൊച്ചി റെയിൽവേ സ്റ്റേഷൻ/ എയർപോർട്ടിൽ നിന്നാരംഭിച്ച് മൂന്നാർ, കുമരകം, കൊച്ചി എന്നീ സ്ഥലങ്ങൾ സന്ദർശിച്ച് കൊച്ചി എയർപോർട്ട് / റെയിൽവേ സ്റ്റേഷനിൽ അവസാനിക്കുന്നു. |

2) 7 രാവും 8 പകലുമുള്ള പാക്കേജ് II:-

കൊച്ചി റെയിൽവേ സ്റ്റേഷൻ/ എയർപോർട്ടിൽ നിന്നാരംഭിച്ച് മൂന്നാർ, തേക്കടി, കുമരകം, കൊച്ചി എന്നീ സ്ഥലങ്ങൾ സന്ദർശിച്ച് കൊച്ചിയിലെ റെയിൽവേ സ്റ്റേഷൻ/എയർപോർട്ടിൽ അവസാനിക്കുന്നു.

3) 7 രാവും/8 പകലുമുള്ള പാക്കേജ് III:-

തിരുവനന്തപുരം റെയിൽവേ സ്റ്റേഷൻ/ എയർപ്പോർട്ടിൽ നിന്നാരംഭിച്ച് തിരുവനന്തപുരം, ആലപ്പുഴ, കുമരകം, തേക്കടി, മൂന്നാർ, കൊച്ചി എന്നീ സ്ഥലങ്ങൾ സന്ദർശിച്ച് കൊച്ചി റെയിൽവേ സ്റ്റേഷൻ/ എയർപോർട്ടിൽ അവസാനിക്കുന്നു,

| | |
|---|---|
| (സി) ടൂറിസം പാക്കേജിലേക്ക് പരമാവധി പ്രവാസികളെ ആകർഷിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) പരമാവധി ടൂറിസ്റ്റുകളെ പ്രത്യേകിച്ച് പ്രവാസികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിലേയ്ക്കായി വിവിധ ഇന പാക്കേജുകളായ മൺസൂൺ പാക്കേജ്, സമ്മർ പാക്കേജ് തുടങ്ങിയവ എല്ലാ വർഷവും നടപ്പിലാക്കാറുണ്ട്. |

Saraswathi

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരളനിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.487. 15.07.2009-ൽ മറുപടിക്ക്.

വിദ്യാർത്ഥികൾക്ക് യൂണിഫോം നൽകാൻ പദ്ധതി പണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.കെ.അബ്ദുറബ്ബ്<br>ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ.പാലൊളിമുഹമ്മദുകുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർക്കാർ - എയ്ഡഡ്മേഖലയിലെവിദ്യാർത്ഥികൾക്ക് യൂണിഫോം നൽകാൻ പദ്ധതി പണം ഉപയോഗിക്കാൻ നിലവിൽ പഞ്ചായത്തുകൾക്ക് അധികാരമുണ്ടോ; | (എ) | ഇല്ല |
| (ബി) | ഇല്ലെങ്കിൽ പൊതുവിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഇതിനു പണം അനുവദിക്കുന്നകാര്യം പരിഗണിക്കുമോ? | (ബി) | ഉദ്ദേശിക്കുന്നില്ല |

സെക്ഷൻ ആഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. 488

15.7.2009-ൽ മറുപടിയ്ക്ക്

## ഹരിയാലി പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.കൃഷ്ണപ്രസാദ്:<br>ശ്രീ.സാജു പോൾ:<br>ശ്രീ.സി.കെ.പി.പത്മനാഭൻ:<br>ശ്രീ.മുരളി പെരുനെല്ലി:<br>പ്രൊഫ. സി.രവീന്ദ്രനാഥ്:<br>ശ്രീ.വി.ചെന്താമരാക്ഷൻ: | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| എ. ഹരിയാലി പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | എ. സംസ്ഥാനത്ത് 26 ഹരിയാലി പ്രോജക്റ്റുകൾ നടപ്പിലാക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. ഹരിയാലി പദ്ധതി നടപ്പിലാക്കുന്നതിന് ചുവടെ പ്രതിപാദിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1. എല്ലാ പ്രോജക്റ്റുകൾക്കും വിശദമായ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്.<br>2. ബ്ലോക്കു പഞ്ചായത്തുകളെ പദ്ധതി നിർവ്വഹണത്തിൽ സഹായിക്കുന്നതിനായി സപ്പോർട്ട് ഏജൻസികളുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.<br>3. നിർവ്വഹണ ഉദ്യോഗസ്ഥർക്കും ബ്ലോക്ക്-ഗ്രാമ പഞ്ചായത്തുകളിലെ പ്രസിഡണ്ട്മാർക്കും, ഡബ്ല്യൂ.ഡി.റ്റി. മെമ്പർമാർക്കും സംസ്ഥാന ഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ടിൽ വെച്ച് പരിശീലനം നൽകിയിട്ടുണ്ട്.<br>4. പദ്ധതി നിർവ്വഹണത്തെ സഹായിക്കുന്നതിനായി പ്രൊസസ്സ് മാന്വൽ, ഫണ്ട് ഫ്ളോ മാന്വൽ എന്നിവ തയ്യാറാക്കി നൽകിയിട്ടുണ്ട്.<br>5. നിർവ്വഹണ ഉദ്യോഗസ്ഥർക്ക് അവർ സ്വീകരിക്കേണ്ട വിവിധ നടപടിക്രമങ്ങളെക്കുറിച്ച് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>6. പദ്ധതി നിർവ്വഹണത്തിന്റെ പുരോഗതി അവലോകനം ചെയ്യുന്നുണ്ട്. |
| ബി. നാളിതുവരെ എത്ര പദ്ധതികൾക്ക് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്; | ബി. ഇതു വരെ 26 പദ്ധതികൾക്ക് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. |
| സി. ഹരിയാലി പദ്ധതി അനുസരിച്ച് ഒരു ഹെക്ടറിന് എത്ര രൂപയാണ് സഹായമായി ലഭിക്കുന്നതെന്നറിയിക്കുമോ; | സി. ഹരിയാലി പദ്ധതിയനുസരിച്ച് ഒരു ഹെക്ടറിന് 6,000/- രൂപയാണ് ലഭ്യമാകുന്നത്. |

| | |
|---|---|
| പദ്ധതി നടപ്പാക്കുന്നതിന് ബ്ലോക്ക് ഡി. പഞ്ചായത്തുകളെ സഹായിക്കുന്നതിന് എന്ത് സംവിധാനമാണ് ഉള്ളത് എന്നും ഈ വർഷം പുതുതായി ഏതെല്ലാം ബ്ലോക്ക് പഞ്ചായത്തുകളാണ് പദ്ധതി നടപ്പാക്കുന്നത് എന്നും വ്യക്തമാക്കുമോ ? | ബ്ലോക്ക് പഞ്ചായത്തുകളെ സഹായിക്കുന്നതിനു വേണ്ടി സപ്പോർട്ട് ഏജൻസികളുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനുവേണ്ടി ഫണ്ട് ഫ്ലോ മാനുലും പ്രോസസ്സ് മാനുലും തയ്യാറാക്കി നൽകിയിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥർക്കും ജനപ്രതിനിധികൾക്കും പരിശീലനം നൽകിയിട്ടുണ്ട്. ഇതിനുപുറമെ പദ്ധതി നിർവ്വഹണത്തിലെ പുരോഗതി സംസ്ഥാനതലത്തിൽ അവലോകനം ചെയ്യുകയും ആവശ്യമായ തുടർനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. ഈ വർഷം പുതുതായി ഹരിയാലി പദ്ധതികളൊന്നും തന്നെ ഏറ്റെടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 469

15.07.2009-ൽ മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വർക്കല കഹാർ<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ | ഡോ. ടി.എം. തോമസ് ഐസക്ക്<br>ധനകാര്യ വകുപ്പുമന്ത്രി |

### സാമ്പത്തിക നില മെച്ചപ്പെടുത്തുവാൻ നടപടി

| | | |
|---|---|---|
| (എ) | സാമ്പത്തിക മാന്ദ്യത്തെ അവസരമാക്കിമാറ്റി സംസ്ഥാനത്തിൻെറ സാമ്പത്തിക നില മെച്ചപ്പെടുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | ആഗോള സാമ്പത്തിക മാന്ദ്യത്തിൻെറ പശ്ചാത്തലത്തിൽ ദുർബല വിഭാഗങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നത് ലക്ഷ്യമിട്ടുകൊണ്ടുളള സാമൂഹ്യ സുരക്ഷിതത്വ നടപടികളും തൊഴിൽ , വരുമാനം, ഉൽപാദനം എന്നീ മേഖലകൾക്ക് ഊന്നൽ നൽകിക്കൊണ്ട് പ്രത്യേകം പദ്ധതികളും 2009-10-ലെ ബഡ്ജറ്റിൽ വിഭാവനം ചെയ്തിട്ടുണ്ട്. വ്യവസായം, കൃഷി, ജലസേചനം, ഗതാഗതം, ടൂറിസം, ഐ.ടി. തുടങ്ങിയ മേഖലകളിലെ അടിസ്ഥാനസൗകര്യ വികസനത്തിനായി രണ്ടു വർഷം കൊണ്ട് 10000 കോടി രൂപയുടെ മൂലധന നിക്ഷേപമാണ് ലക്ഷ്യമിടുന്നത്. ഉൽപാദനമേഖലയിൽ ഉണർവ്വ് ഉണ്ടാക്കുന്നതിനും അതുമൂലം സാമ്പത്തിക മേഖല മെച്ചപ്പെടുത്തുന്നതിനും തൊഴിലും വരുമാനവും വർദ്ധിപ്പിക്കുന്നതിനും ഈ നിക്ഷേപം സഹായകമാകും. ഈ പദ്ധതികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ പ്രാരംഭ നടപടികൾ ആരംഭിച്ചു കഴിഞ്ഞു. |
| (ബി) | സംസ്ഥാനത്ത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ച് സാമ്പത്തിക മാന്ദ്യത്തെ വികസനത്തിനുളള അവസരമാക്കിത്തീർക്കാൻ എന്തു നടപടിയെടുത്തുവെന്ന് വ്യക്തമാക്കാമോ; | |
| (സി) | സംസ്ഥാനത്തിൻെറ കയറ്റുമതിരംഗം പരിപോഷിപ്പിച്ച് കയറ്റുമതിയിൽ നിന്ന് | കയറ്റുമതി രംഗത്തെ മാന്ദ്യം തരണം ചെയ്യുന്നതിന് പല ക്രിയാത്മക നടപടികളും സ്വീകരിച്ചിട്ടുണ്ട്. ചെറുകിട ഉല്പാദക സംഘങ്ങൾ ഉല്പാദിപ്പിക്കുന്ന കയറുല്പന്നങ്ങൾ ക്രയവില സ്ഥിരതാ പദ്ധതി |

| | |
|---|---|
| കർഷകർക്കും ഉല്പാദകർക്കും കൂടുതൽ വരുമാനം ലഭ്യമാക്കാൻ സ്വീകരിച്ച നടപടിയെന്തെന്ന് വ്യക്തമാക്കാമോ; | പ്രകാരം കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ വാങ്ങുകയും അവ കയറ്റുമതിക്കാർക്ക് വില്ക്കുകയും ചെയ്യുന്നു. എക്സ്പോർട്ടർമാർ കയർ കോർപ്പറേഷനിൽ നിന്നു വാങ്ങുന്ന കൈത്തറിയിൽ ഉൽപ്പാദിപ്പിക്കുന്ന കയർ ഉല്പന്നങ്ങൾക്ക് ക്രയവില സ്ഥിരതാ പദ്ധതി പ്രകാരം നൽകിയിരുന്ന ഡിസ്കൗണ്ട് 5%-ൽ നിന്ന് 7.5% ആക്കി വർദ്ധിപ്പിച്ചു. കൂടാതെ കൈത്തറിയിലുള്ള കയറുല്പന്നങ്ങൾ മുൻവർഷത്തിൽ നിന്ന് വിലയിലോ അളവിലോ തുല്യമോ കൂടുതലോ കയറ്റുമതി ചെയ്യുന്നവർക്ക് FOB വാല്യുവിന്റെ 2.50% പ്രോത്സാഹനമായി നൽകുവാനും ഉത്തരവായിട്ടുണ്ട്. കൂടാതെ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി കയറ്റുമതി ഉൽപ്പന്ന വികസന വിപണന പദ്ധതി (കൈത്തറി കയറ്റുമതി പദ്ധതി) നടപ്പിലാക്കുന്നതാണ്. നാളികേരമേഖല കൂടുതൽ ലാഭകരവും . ആകർഷകവുമാക്കുന്നതിന് മൂല്യവർദ്ധിത ഉൽപന്നങ്ങൾ സംബന്ധിച്ച അറിവ് കർഷകർക്ക് നൽകുന്നതിനായി, നാളികേരകർഷകരെയും, ഈ മേഖലയിലെ പ്രമുഖ വ്യക്തികളെയും പങ്കെടുപ്പിച്ചുകൊണ്ട് സെമിനാർ സംഘടിപ്പിച്ചു. പഴം, പച്ചക്കറി ഉൽപന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിനുള്ള പദ്ധതികൾ സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ വഴി നടപ്പിലാക്കി വരുന്നു.<br>എറണാകുളത്ത് സംഘടിപ്പിച്ച " കേരള അഗ്രി ഫുഡ് ബിസിനസ്സ് ഷോ 2009" കാർഷിക-ഭക്ഷ്യ സംസ്കരണ മേഖലയിൽ പ്രവർത്തിക്കുന്ന വ്യവസായികൾക്ക് ദേശീയ അന്തർ ദേശീയ ശൃംഖലകളുമായി ബന്ധം സ്ഥാപിക്കുന്നതിനും ആധുനിക സാങ്കേതിക വിദ്യ പരിചയപ്പെടുത്തുന്നതിനും സഹായകമായി. കൂടാതെ ITPO സംഘടിപ്പിച്ച " ആഹാർ 2009 ന്യൂഡൽഹി", "ആഹാർ ചെന്നൈ 2008" എന്നീ മേളകൾ കേരളത്തിലെ ഭക്ഷ്യ സംസ്കരണ മേഖലയിലുള്ള |

| | | |
|---|---|---|
| | | ചെറുകിട യൂണിറ്റുകൾക്ക് അവരവരുടെ ഉല്പന്നങ്ങളും സാങ്കേതിക വിദ്യകളും സൗജന്യമായി പ്രദർശിപ്പിക്കുന്നതിനും, ആധുനിക സാങ്കേതിക വിദ്യകളെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുന്നതിനും അവസരമൊരുക്കി.<br>കൈത്തറി വസ്ത്രങ്ങളുടെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിനായി " വിപണനവും കയറ്റുമതി പ്രോത്സാഹനവും" എന്ന പദ്ധതി യും കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ 'കയറ്റുമതി ഉല്പന്ന വികസന വിപണന പദ്ധതി (ഡി.ഇ.പി.എം) ' യും നടപ്പാക്കി വരുന്നു. മേഖലാ ബ്രാൻഡുകളുടെ വികസനത്തിനും തൊഴിലാളികളുടെ സാങ്കേതിക മികവും വൈദഗ്ദ്ധ്യവും മെച്ചപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു.<br>സമുദ്രോൽപ്പന്ന കയറ്റുമതി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി യൂറോപ്യൻ യൂണിയന്റെ നിലവാരത്തിനനുസരിച്ച് മത്സ്യബന്ധന തുറമുഖങ്ങളും, ലാൻറിംഗ് സെൻററുകളും നവീകരിക്കുന്ന പദ്ധതിയും നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (ഡി) | ഇതിന്റെ ഫലമായി കർഷകരുടെ പ്രതിശീർഷ വരുമാനം എത്രയായി വർദ്ധിച്ചുവെന്ന് വ്യക്തമാക്കാമോ? | കർഷകരുടെ പ്രതിശീർഷ വരുമാനം ഇപ്പോൾ പ്രത്യേകമായി കണക്കാക്കപ്പെടുന്നില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 490 | 15.7.2009-ൽ മറുപടിയ്ക്ക്

## മത്സ്യഫെഡിൽ അടയ്ക്കുന്ന മത്സ്യലേലത്തുകയുടെ വിഹിതത്തിന്റെ വിനിയോഗം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എ.പി. അനിൽകുമാർ<br>ശ്രീ. അടൂർ പ്രകാശ്<br>ശ്രീ. കെ. ശിവദാസൻ നായർ | ശ്രീ. എസ്. ശർമ്മ<br>(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) മത്സ്യത്തൊഴിലാളികൾ നടത്തുന്ന മത്സ്യലേലത്തിൽ നിന്നും ഒരു ശതമാനത്തിനു തുല്യമായ തുക മത്സ്യഫെഡിനു കൊടുക്കുന്നുണ്ടോ; | എ) ഉണ്ട്. മത്സ്യഫെഡ് പദ്ധതികളുടെ ആനുകൂല്യം ലഭിക്കുന്ന മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ നടത്തുന്ന മത്സ്യലേലത്തിൽ മത്സ്യത്തിന്റെ വിലയുടെ ഒരു ശതമാനത്തിനു തുല്യമായ തുക മത്സ്യഫെഡിനു കൊടുക്കുന്നുണ്ട്. |
| ബി) എന്നുമുതലാണ് ഈ സമ്പ്രദായം ആരംഭിച്ചത്; | ബി) 1987-88 മുതലാണ് ആരംഭിച്ചത് |
| സി) ഇതുവരെ ഈ ഇനത്തിൽ എത്ര തുക ലഭിച്ചിട്ടുണ്ട്; | സി) 2008-09 സാമ്പത്തിക വർഷംവരെ മത്സ്യഫെഡിന് ഈ ഇനത്തിൽ 8,97,11,000/- ( എട്ടു കോടി തൊണ്ണൂറ്റിയേഴ് ലക്ഷത്തി പതിനൊന്നായിരം ) രൂപ ലഭിച്ചിട്ടുണ്ട്. |
| ഡി) ഈ തുക ഏതെല്ലാം ആവശ്യങ്ങൾക്കായി വിനിയോഗിക്കുന്നു; | ഡി) മത്സ്യഫെഡ് പദ്ധതി നടത്തിപ്പ് ഉൾപ്പെടെയുള്ള ചെലവിനായി ഈ തുക വിനിയോഗിക്കുന്നു. |
| ഇ) മത്സ്യഫെഡിലെ ഉദ്യോഗസ്ഥർക്ക് ശമ്പളം നൽകാൻ ഈ തുക ഉപയോഗിക്കുന്നുണ്ടോ എന്നു വ്യക്തമാക്കുമോ? | ഇ) മത്സ്യഫെഡിലെ ഉദ്യോഗസ്ഥൻമാർക്ക് ശമ്പളം നൽകുന്നതിനും ഈ തുക പ്രയോജനപ്പെടുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

## നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 491– 15.07.2009 ൽ മറുപടിക്ക്

ട്രഷറി നവീകരണം

| | ചോദ്യം | ഉത്തരം |
|---|---|---|
| | ബഹു: ശ്രീ. വി .കെ. ഇബ്രാഹിം കുഞ്ഞ്<br>ബഹു: ശ്രീ. കെ മുഹമ്മദുണ്ണി ഹാജി<br>ബഹു: ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി | ബഹു: ധനകാര്യ വകുപ്പ് മന്ത്രി |
| എ) | ട്രഷറികളുടെ നവീകരണത്തിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | 14-05-2009 ന് തൃശൂരിൽ ചേർന്ന ട്രഷറി സോഷ്യൽ ഓഡിറ്റ് ജ്യൂറി ചെയർമാൻമാരുടെ യോഗം സംസ്ഥാനത്തെ എല്ലാ ജ്യൂറി ചെയർമാൻമാരുടെയും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ<br>1. അടിസ്ഥാന സൗകര്യ വികസനം<br>2. ആധുനീകരണം<br>3. നടപടി ക്രമങ്ങളുടെ പരിഷ്കരണം<br>4. സേവിംഗ്സ് ബാങ്കും, പെൻഷനും<br>5. ജീവനക്കാർ സേവനങ്ങൾ<br>എന്നീ 5 മേഖലകളിലായി തിരിച്ച് നടപടികൾ എടുക്കണമെന്ന് സർക്കാരിനോട് ശുപാർശ ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ ട്രഷറികളുടെ അടിസ്ഥാന സൗകര്യ |

| | | |
|---|---|---|
| | | വകുപ്പ്, സംസ്ഥാന ആസൂത്രണ ബോർഡ്, ഐ.ടി. മിഷൻ, സോഫ്റ്റ്‌വെയർ ടെക്നോളജി പാർക്ക് ഓഫ് ഇന്ത്യ, എന്നിവയുടെ പ്രതിനിധികളുടെ യോഗ തീരുമാന പ്രകാരം ഒരു ടെക്നിക്കൽ കമ്മിറ്റിയെ സർക്കാർ നിയമിച്ചിട്ടുണ്ട് |
| ബി) | ട്രഷറികളുടെ നവീകരണ നിർമ്മാണ പ്രവർത്തനങ്ങൾക്ക് എത്ര കോടി രൂപയാണ് വകയിരുത്താൻ ഉദ്ദേശിക്കുന്നതെന്നും ഇവയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ ചുമതല ആർക്ക് നൽകാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ? | ട്രഷറികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനു വേണ്ടി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി വരുന്നു.<br><br>ട്രഷറി കമ്പ്യൂട്ടറൈസേഷനുമായി ബന്ധപ്പെട്ട് ടെക്നിക്കൽ കമ്മിറ്റി നിലവിലുള്ള ഹാർഡ്‌വെയർ സംവിധാനം പരിഷ്കരിക്കുന്നതിനും , സോഫ്റ്റ്‌വെയർ അപ്ഗ്രേഡ് ചെയ്യുന്നതിനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br><br>സെൻട്രൽ സെർവർ സംവിധാനവും എ.ടി.എം-ഉം സ്ഥാപിക്കുന്നതിന് ഒരു ടെക്നിക്കൽ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ഈ കമ്മിറ്റികളുടെ റിപ്പോർട്ട് ഇതുവരെ ലഭ്യമായിട്ടില്ല. സ്വന്തമായി കെട്ടിടം ഇല്ലാത്തതും ഏറ്റവും കുറഞ്ഞത് 10 സെൻറ് സ്ഥലം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കുന്നതുമായ ട്രഷറികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിച്ചു നൽകുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നു. |

| | | | |
|---|---|---|---|
| | | | വികസനത്തിനു വേണ്ടി INKEL (Infrastructure Kerala Limited) ലേയും ഗവൺമെൻറ് പോളിടെക്നിക്കുകളിലേയും എഞ്ചിനീയർമാരെ ഉൾപ്പെടുത്തികൊണ്ട് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി വരുന്നു. ഇതു കൂടാതെ സ്വന്തമായി കെട്ടിടമില്ലാത്ത [illegible] സ്ഥലം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കുകയാണെങ്കിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ട്രഷറി കെട്ടിടങ്ങൾ നിർമ്മിക്കുന്നതാണ്. ട്രഷറി പ്രവർത്തനങ്ങളുടെ റൂളുകളും ചട്ടങ്ങളും കാലോചിതമായി പരിഷ്കരിക്കുന്നതിനായി കമ്പ്യൂട്ടറൈസേഷനും റൂളുകളും താദാത്മ്യപ്പെടുത്തുന്നതിന് ട്രഷറി ഡയറക്ടറേറ്റിൽ പ്രത്യേക സെൽ രൂപികരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ വകുപ്പിലെ മുഴുവൻ ജീവനക്കാർക്കും ട്രെയിനിംഗ് നൽകുന്നതിനുള്ള നടപടികൾ IMG യുമായി ചേർന്ന് നടപ്പിലാക്കി വരുന്നു. ശമ്പളം പെൻഷൻ മുതലായവ എ.റ്റി.എം വഴി ലഭ്യമാക്കുന്ന സംവിധാനം നടപ്പിലാക്കുന്നതിനായി റിസർവ്വ് ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, അക്കൗണ്ടൻറ് ജനറൽ, ധനകാര്യ |

| | | |
|---|---|---|
| | | മേൽപ്പറഞ്ഞ കമ്മിറ്റികളുടെ ശുപാർശ ലഭിക്കുന്ന മുറയ്ക്കു മാത്രമേ ഈ പദ്ധതികൾ നടപ്പിലാക്കുന്നതിനു വേണ്ടി ആരെ ഏൽപ്പിക്കണമെന്നും, ഈയിനത്തിൽ എത്ര രൂപ ചെലവാക്കണമെന്നും തീരുമാനിക്കാൻ കഴിയൂ. |
| സി) | ട്രഷറികളിൽ എ.റ്റി.എം സ്ഥാപിക്കുന്നതിന്റെ ഭാഗമായുള്ള സപ്പോർട്ടിംഗ് സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയത് എന്നും ഇതിനായി എന്ത് ചെലവ് പ്രതീക്ഷിക്കുന്നുവെന്നും വ്യക്തമാക്കുമോ? | ഇതുവരെ ആരെയും ഏൽപ്പിച്ചിട്ടില്ല.<br><br>ഇതു സംബന്ധിച്ച് നിയോഗിക്കപ്പെട്ടിട്ടുള്ള ടെക്നിക്കൽ കമ്മിറ്റിയുടെ ശുപാർശ ലഭിക്കുന്ന മുറയ്ക്കു മാത്രമേ ആരെ ഏൽപ്പിക്കണമെന്നും, എത്ര തുകയാണ് വേണ്ടതെന്നും നിശ്ചയിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 492 15.07.2009-ൽ മറുപടിയ്ക്ക്

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ബഡ്ജറ്റ് മുഖാന്തിരം നിയന്ത്രിക്കുവാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോർജ് മേഴ്സിയർ | ശ്രീ. പാലോളി മുഹമ്മദ് കുട്ടി (തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകളിലെ അധികാര വികേന്ദ്രീകരണ അനുഭവങ്ങളും പ്രവർത്തനങ്ങളും സംബന്ധിച്ച് പഠിക്കുവാൻ നിയോഗിച്ച ഡോ.എം.എ.ഉമ്മൻ കമ്മിറ്റി സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങളിലെ ബഡ്ജറ്റ് അവതരണം സംബന്ധിച്ച് കണ്ടെത്തിയ ന്യൂനതകൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (എ) (i) ബഡ്ജറ്റിനെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ധനകാര്യ നിയന്ത്രണത്തിനുള്ള ഒരു ഉപകരണമായി കാണുന്നില്ല.<br>(ii) കൈമാറ്റപ്പെട്ട സ്ഥാപനങ്ങൾക്ക് നൽകുന്ന വിഭവങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നില്ല.<br>(iii) പ്ലാൻ ഫണ്ടും അതിന്റെ ചെലവും സംയോജിപ്പിച്ച് വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റിൽ ഉൾക്കൊള്ളിക്കുന്നില്ല.<br>(iv) ബഡ്ജറ്റ് മാന്വലിലെ വ്യവസ്ഥകൾ പാലിച്ചുകാണുന്നില്ല. |
| (ബി) സംസ്ഥാനത്തെ ഓരോ തദ്ദേശ ഭരണ സ്ഥാപനവും മാർച്ച് 31-ന് മുൻപ് അടുത്ത സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പാസ്സാക്കുമെങ്കിലും പഞ്ചായത്തുകളുടെ പ്രവർത്തങ്ങൾക്ക് ഇതുമായി യാതൊരു ബന്ധവുമില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ചില വ്യതിയാനങ്ങൾ ഉണ്ടാകാറുണ്ട്. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകൾക്ക് ബഡ്ജറ്റുകൾ തയ്യാറാക്കുന്നതിന് ആവശ്യമായ സാങ്കേതിക പരിജ്ഞാനമുള്ള ഉദ്യോഗസ്ഥരുടെ അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ബഡ്ജറ്റ് തയ്യാറാക്കുന്നതിന് ഉദ്യോഗസ്ഥർ ഉണ്ടെങ്കിലും അവരുടെ സാങ്കേതിക പരിജ്ഞാനം വർദ്ധിപ്പിക്കേണ്ടതുണ്ട്. ഇതിന് 'കില' വഴി ട്രെയിനിംഗ് നൽകി വരുന്നു. |
| (ഡി) | എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (ഡി) | |
| (ഇ) | ഓരോ തദ്ദേശഭരണ സ്ഥാപനവും സാമ്പത്തിക വർഷത്തിൽ അതിന്റെ വികസന പ്രവർത്തനങ്ങൾ ബഡ്ജറ്റിലൂടെ കൃത്യമായി അവതരിപ്പിക്കാനും വരവു ചെലവുകൾ ബഡ്ജറ്റിലൂടെ മാത്രം നടപ്പിലാക്കാനും ശ്രദ്ധിക്കുമോ? | (ഇ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പുതിയ ബഡ്ജറ്റ് റൂൾ കൊണ്ടുവന്ന് ഈ പോരായ്മ പരിഹരിക്കാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം : 493 | 15.07.2009- ൽ മറുപടിക്ക്.

ഷെട്ടി കമ്മീഷൻ ശുപാർശകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ജെ. ജേക്കബ്<br>ശ്രീ. വി. ജെ. തങ്കപ്പൻ<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു<br>ശ്രീ. എം. ഹംസ<br>ശ്രീ. എ. എം. ആരിഫ് | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) ജുഡീഷ്യൽ സർവ്വീസ് ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കാൻ ഷെട്ടി കമ്മീഷൻ റിപ്പോർട്ടിൽ ശുപാർശയുണ്ടോ ; | : (എ) ഉണ്ട്. |
| (ബി) ഇതുമായി ബന്ധപ്പെട്ട് സുപ്രീം കോടതിയിൽ നിന്നും എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ ; | : (ബി) ലഭിച്ചിട്ടുണ്ട്. |
| (സി) സബോർഡിനേറ്റ് ജുഡീഷ്യൽ ജീവനക്കാരുടെ സ്റ്റാഫ് പാറ്റേൺ, തസ്തികകളുടെ പുനർനിർണ്ണയം മുതലായവ സംബന്ധിച്ച ഒ ആന്റ് എം സ്റ്റഡി റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലുണ്ടോ ; | : (സി) ഒ ആന്റ് എം വർക്ക് സ്റ്റഡി റിപ്പോർട്ട് നടപ്പാക്കുവാൻ ഉത്തരവായ ഹൈക്കോടതിവിധിക്കെതിരെ സർക്കാർ സ്പെഷ്യൽ ലീവ് പെറ്റീഷൻ സമർപ്പിച്ചതിനാൽ, ഈ വിഷയം ഇപ്പോൾ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ പരിഗണനയിലാണ്. |
| (ഡി) സിവിൽ ജുഡീഷ്യൽ സർവ്വീസും ക്രിമിനൽ ജുഡീഷ്യൽ സർവ്വീസും സംയോജിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ ? | : (ഡി) ഇക്കാര്യം സംബന്ധിച്ച് ഹൈക്കോടതിയിൽ നിന്നും ശുപാർശകളൊന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 494 — 15-07-2009 ൽ മറുപടിക്ക്

## രജിസ്ട്രേഷൻ വകുപ്പിന്റെ പുന:സംഘടന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. സി. ജോർജ് | ശ്രീ. എസ്.ശർമ്മ (ഫിഷറീസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി). |
| (എ) രജിസ്ട്രേഷൻ വകുപ്പ് പുന:സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഇല്ല |
| (ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം രജിസ്ട്രേഷൻ വകുപ്പിൽ എന്തെല്ലാം പരിഷ്കാരങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത്; | (ബി) 1958 ലെ രജിസ്ട്രേഷൻ ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തിക്കൊണ്ട് വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കാൻ നടപടിയെടുത്തിട്ടുണ്ട്. 309 സബ് രജിസ്ട്രാർ ഓഫീസുകളും കമ്പ്യൂട്ടർ വൽക്കരിക്കുകയും, ഡിജിറ്റൽ ഇമേജ് പ്രിന്റർ സംവിധാനം സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. അതിലൂടെ കുടിക്കട സർട്ടിഫിക്കറ്റ്, ആധാരപ്പകർപ്പുകൾ എന്നിവ കാലതാമസം കൂടാതെ പൊതുജനങ്ങൾക്ക് ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. വകുപ്പിൽ നിന്നും ലഭിക്കുന്ന സേവനങ്ങളെ സംബന്ധിച്ച് പൗരാവകാശ രേഖ പ്രസിദ്ധീകരിക്കുക വഴി സുതാര്യതകൊണ്ടുവരാനും വകുപ്പിലെ അഴിമതി ഇല്ലാതാക്കുന്നതിനും നടപടിയെടുത്തിട്ടുണ്ട്. 2001 ലെ കേന്ദ്ര സർക്കാർ രജിസ്ട്രേഷൻ നിയമത്തിൽ വരുത്തിയ ഭേദഗതിയുടെയടിസ്ഥാനത്തിൽ ആധാരം രജിസ്റ്റർ ചെയ്യുന്നതിന് വസ്തുവാങ്ങുന്ന ആളിന്റെയും പാസ്സ് പോർട്ട് സൈസ് ഫോട്ടോയും വിരലടയാളവും ആധാരത്തിൽ പതിച്ചിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത നിയമ ഭേദഗതി സംസ്ഥാനത്ത് |

നടപ്പാക്കുന്നതിനായി ചട്ടം ഭേദഗതി ചെയ്ത് നടപടി സ്വീകരിച്ചിട്ടുണ്ട്. രജിസ്ട്രേഷന് ഹാജരാകുന്ന ആളുടെ അനന്യത ബോധ്യപ്പെടുന്നതിനായി റേഷൻ കാർഡ്, ഇലക്ടറൽ തിരിച്ചറിയൽ കാർഡ്, പാൻകാർഡ്, സർക്കാർ നിയന്ത്രണത്തിലുള്ള മേലധികാരിയുടെ സാക്ഷ്യപ്പെടുത്തിയ ഐഡന്റിറ്റി കാർഡ് എന്നിവയിലേതെങ്കിലും ഹാജരാക്കാനും നിഷ്കർഷിച്ചിട്ടുണ്ട്. ഇവയുടെ ഫോട്ടോ കോപ്പി രജിസ്റ്ററിംഗ് ഉദ്യോഗസ്ഥൻ ഫയൽ ചെയ്ത് സൂക്ഷിക്കേണ്ടതുമാണ്. ഈ പരിഷ്ക്കാരം കേന്ദ്രനിയമത്തിൽ ഇല്ലാത്തതും സംസ്ഥാന സർക്കാർ നടപ്പാക്കിയതുമാണ്.

1968 ലെ കേരള മുദ്ര പത്ര നിയമം (കരണങ്ങളിൽ വിലകുറച്ച് വയ്ക്കുന്നത് തടയൽ) ചട്ടങ്ങളിൽ ഭേദഗതി വരുത്തി, ആധാരം ചെയ്യുന്ന വസ്തുവിൽ നിലവിലുള്ള കെട്ടിടത്തിന്റെ വിശദ വിവരം ഫോറം 1 ബിയിൽ ആധാരത്തോടൊപ്പം ഹാജരാക്കുന്നതിനും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വ്യാജപ്രമാണങ്ങൾ പെട്ടെന്ന് തിരിച്ചറിയുന്നതിനും തടയുന്നതിനും ലക്ഷ്യമിട്ടു കൊണ്ട് സംസ്ഥാനമാകെ ആധാരങ്ങളുടെ ഘടനയിൽ ഐകരൂപ്യമുണ്ടാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

| | |
|---|---|
| (സി) 2007-2008 സാമ്പത്തികവർഷത്തേക്കാൾ 2008-2009-ൽ രജിസ്ട്രേഷൻ ഇനത്തിലെ വരുമാനം കൂടിയിട്ടുണ്ടോ; അതോ കുറഞ്ഞിട്ടുണ്ടോ; | (സി) കുറഞ്ഞിട്ടുണ്ട്. 2007-2008 വർഷത്തെ വരുമാനത്തെ അപേക്ഷിച്ച് 2008-09ൽ 7.07 കോടി രൂപയുടെ റവന്യൂ വരുമാനം കുറഞ്ഞിട്ടുണ്ട്. |
| (ഡി) കുറഞ്ഞിട്ടുണ്ടെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ? | (ഡി) വസ്തു കൈമാറ്റത്തിൽ 2007-2008 നെ അപേക്ഷിച്ച് 2008-2009 -ൽ 36,848 ആധാരങ്ങളുടെ കുറവ് വന്നതു കാരണം നടപ്പുവർഷത്തിൽ 7.07 കോടി രൂപയുടെ കുറവ് വന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.495

15.07.2009 -ൽ മറുപടിക്ക്

ബാലസഭകളുടെ പ്രവർത്തനം

| | ചോദ്യം<br>ശ്രീമതി ജെ. അരുന്ധതി;<br>ശ്രീ ടി.പി.കുഞ്ഞുണ്ണി;<br>ശ്രീ ജോർജ് എം. തോമസ്;<br>ശ്രീ.എം.കെ.പുരുഷോത്തമൻ.<br>ശ്രീമതി. കെ.എസ്.സലീഖ | | ഉത്തരം<br>ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി |
|---|---|---|---|
| (എ) | കുടുംബശ്രീ അയൽക്കൂട്ട പരിധിയിൽ വരുന്ന കുട്ടികളെ ഉൾപ്പെടുത്തി രൂപീകരിച്ചിട്ടുള്ള ബാലസഭകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | ഉണ്ട്. കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ സി.ഡി.എസ്, എ.ഡി.എസ് ബാലസഭാ ഭാരവാഹികൾ, ബാലസഭാ സബ്കമ്മിറ്റി മെമ്പർമാർ തുടങ്ങിയവർ മുഖാന്തിരം പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ട്. |
| (ബി) | ബാലസഭയിൽ ആകെ എത്ര കുട്ടികളുണ്ട് എന്നും ബാലസഭയിലെ കുട്ടികൾക്ക് ഗ്രാമപഞ്ചായത്തുകൾ എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത് എന്നും അറിയിക്കുമോ; | (ബി) | 49469 ബാലസഭകളിലായി 8,51,942 കുട്ടികൾ അംഗങ്ങളായിട്ടുണ്ട്. പഞ്ചായത്തു തലത്തിൽ ബാലസഭകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് പരിശീലനങ്ങൾ, കുട്ടികളുടെ സഹവാസ ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ ധനസഹായം നൽകാറുണ്ട്. |

| | | | |
|---|---|---|---|
| (സി) | കുട്ടികളുടെ കായിക വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നത്; | (സി) | കുട്ടികളുടെ കായിക ക്ഷമതാ വികസനത്തിനായി ബാലസഭാ അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് ഗ്രാമ പഞ്ചായത്തുകളുടെ സഹക രണത്തോടു കൂടി കുടുംബശ്രീ ഒരു പൈലറ്റ് പ്രോജക്ടായി ബാല-കൗമാര കായികാരോഗ്യ പരിപാടി നടപ്പാക്കിവരുന്നു. |
| (ഡി) | ബാലസഭയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി കൂടുതൽതുക നീക്കിവയ്ക്കാൻ ഗ്രാമപഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകുമോ? | (ഡി) | ഇപ്പോൾ തന്നെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ കുട്ടികളുടെ വികസനത്തിനായി മതിയായ തുക നീക്കി വെയ്ക്കാറുണ്ട്. ഈ തുക ബാലസഭകളെ ശക്തിപ്പെടു ത്താൻ ഉപയോഗിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.496

15.07.2009 -ൽ മറുപടിക്ക്

## കുടുംബശ്രീയുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.ടി.ജലീൽ;<br>ശ്രീ.പി.പി.അബ്ദുള്ളക്കുട്ടി;<br>ശ്രീമതി.പി.അയിഷാ പോറ്റി;<br>ശ്രീ.കെ.കെ.ജയചന്ദ്രൻ;<br>ശ്രീ.കെ.സി.കുഞ്ഞിരാമൻ; | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>തദ്ദേശ സ്വയംഭരണവും<br>ഗ്രാമവികസനവും വകുപ്പ് മന്ത്രി |
| (എ) കുടുംബശ്രീയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) സാമൂഹിക ശാക്തീകരണ പദ്ധതികളുടെ നിർവ്വഹണവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തന ഏകോപനവും സാധ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വിശദാംശങ്ങൾ അനുബന്ധം 1 ലും 2 ലും ചേർത്തിട്ടുണ്ട്. |
| (ബി) ഇപ്പോൾ കുടുംബശ്രീ മുഖേന ഏതെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നത് എന്നും ഈ പദ്ധതികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ എന്നും അറിയിക്കുമോ; | (ബി) പ്രാദേശിക സാമ്പത്തിക വികസനവും, സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണവും ലക്ഷ്യമിട്ട് തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വപരമായ പിന്തുണയോടെ 31 വികസന പരിപാടികൾ കുടുംബശ്രീ നടപ്പിലാക്കുന്നുണ്ട്. കൂടാതെ തൊഴിലുറപ്പ് പദ്ധതി /ഐച്ച്എസ്ഡിപി മുതലായ കേന്ദ്രാവിഷ്കൃത/ സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിലും പങ്കാളിത്തം വഹിക്കുന്നുണ്ട്. ഇവയുടെ |

| | | | |
|---|---|---|---|
| | | | വിശദാംശങ്ങൾ അനുബന്ധം 3 ൽ ചേർക്കുന്നു. ഈ പദ്ധതികളുടെ നിർവ്വഹണ പുരോഗതിയും, പ്രവർത്തനങ്ങളും കുടുംബശ്രീ യുടെ പദ്ധതി അവലോകന യോഗ ങ്ങളിലൂടെയും, ഗവേണിംഗ് ബോഡി യോഗം, എക്സിക്യൂട്ടീവ് കമ്മറ്റി മീറ്റിംഗുകളിലൂടെയും നിര ന്തരം വിലയിരുത്താറുണ്ട്. |
| (സി) | കുടുംബശ്രീയിൽ എത്ര കുടുംബങ്ങൾ അംഗങ്ങ ളായി ചേർന്നിട്ടുണ്ട് എന്നറിയിക്കുമോ; | (സി) | 37,01,202 കുടുംബങ്ങളാണ് നില വിൽ കുടുംബശ്രീ അയൽക്കൂട്ടങ്ങ ളിൽ അംഗങ്ങളായി ഉൾപ്പെടുന്നത്. |
| (ഡി) | അയൽകൂട്ടങ്ങളുടെ പ്രവർ ത്തനം ഊർജ്ജിതമാക്കാൻ നടപടി സ്വീകരിക്കുമോ ? | (ഡി) | കുടുംബശ്രീ സംഘടനാ സംവിധാ നത്തിന്റെ പ്രവർത്തനം കൂടുതൽ ജനാധിപത്യ വൽക്കരിക്കുന്നതിനും സുസ്ഥിരപ്പെടുത്തുന്നതിനുമായി സമഗ്രമായ ബൈലോ പരിഷ്ക രണം കൊണ്ടുവരികയും, അതിന്റെ അടിസ്ഥാനത്തിൽ അയൽക്കൂട്ടം, എഡിഎസ്, സിഡിഎസ് തലങ്ങളി ലേക്കുള്ള പൊതു തെരഞ്ഞെടുപ്പ് നടത്തുകയും ചെയ്തു. സംഘടനാ സംവിധാനത്തിലെ വിവിധ ഘടക ങ്ങളുടെ കണക്ക് ചിട്ടപ്പെടുത്തുന്ന തിനുള്ള വ്യാപകമായ ക്യാമ്പയിൻ നടത്തുകയുണ്ടായി. സംഘടനാ സംവിധാനങ്ങളുടെ അഫിലിയേ ഷൻ/രജിസ്ട്രേഷൻ പുതുക്കുന്നതി നുള്ള നടപടികളും സ്വീകരിച്ചിരു ന്നു. തെരഞ്ഞെടുക്കപ്പെട്ട പുതിയ ഭാരവാഹികൾക്ക് വ്യവസ്ഥാപിത |

മായ രീതിയിൽ പങ്കാളിത്തപര മായ പരിശീലനങ്ങളും സംഘടിപ്പിച്ചു. ഒരോ സിഡിഎസുകളും കർമ്മപദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. വിശദാംശങ്ങൾ അനുബന്ധം 4 ൽ ചേർത്തിട്ടുണ്ട്.

(ഇ) പതിനൊന്നാം പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ കുടുംബശ്രീയെ സജ്ജമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

(ഇ) പതിനൊന്നാം പദ്ധതി രൂപീകരണത്തിന്റെ പ്രാരംഭ ഘട്ട പ്രവർത്തനം മുതൽ കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ പങ്കാളിത്തം ഉറപ്പുവരുത്തിയിട്ടുണ്ട്. വിവിധ വർക്കിംഗ് ഗ്രൂപ്പുകളിലെ സിഡിഎസ് പ്രതിനിധികളുടെ പ്രവർത്തനങ്ങൾ അർത്ഥപൂർണ്ണാക്കുന്നതിനാവശ്യമായ പരിശീലനങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം 5 ൽ ചേർത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

(അനുബന്ധം നിയമസഭാ ലൈബ്രറിയിൽ ലഭ്യമാണ്)

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ :497

15-7-2009-ൽ മറുപടിയ്ക്ക്

ഗസ്റ്റ് ഹൗസുകളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം.കെ.പുരുഷോത്തമൻ :<br>ശ്രീ. എസ്.രാജേന്ദ്രൻ :<br>ശ്രീ.കെ.സി.രാജഗോപാലൻ :<br>ശ്രീ.ബി.രാഘവൻ :<br>ശ്രീ.സി.കെ.പി.പത്മനാഭൻ : | ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി). |
| (എ) സർക്കാർ ഗസ്റ്റ് ഹൗസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (എ) സർക്കാർ ഗസ്റ്റ് ഹൗസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, ആലുവ, ഗുരുവായൂർ, എറണാകുളം, ഇടുക്കി, തിരുവനന്തപുരം, കൊല്ലം എന്നീ സ്ഥലങ്ങളിലെ ഗസ്റ്റ് ഹൗസ് മന്ദിരങ്ങൾ നവീകരിച്ചു വരുന്നു. മാനേജർമാരുൾപ്പെടെയുള്ള സ്റ്റാഫുകളുടെ ഒഴിവുകൾ നികത്തുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നു. അതിഥി മന്ദിരങ്ങളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ജീവനക്കാർക്ക് ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് മുഖാന്തിരം പ്രത്യേക പരിശീലനം നൽകി വരുന്നു. ഇതിനു പുറമെ ഗസ്റ്റ് ഹൗസുകളിൽ ചാനൽ സൗകര്യത്തോടുകൂടി ടെലിവിഷനുകൾ ആവശ്യത്തിന് നൽകുന്നുണ്ട്. |

(ബി) ഗസ്റ്റ് ഹൗസുകളോട് ചേർന്നുള്ള തരിശുഭൂമി പ്രയോജനപ്പെടുത്തുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ ;

(ബി) ഗസ്റ്റ് ഹൗസുകളോട് ചേർന്നുള്ള ഭൂമി പ്രയോജനപ്പെടുത്തുന്നതിനുള്ള പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ചു വരുന്നു. ചില ഗസ്റ്റ് ഹൗസുകളിൽ ആവശ്യാനുസരണം അഡീഷണൽ ബ്ലോക്കുകൾ നിർമ്മിച്ച് സൗകര്യം വിപുലീകരിക്കുന്നതിന് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി വരുന്നുണ്ട്. ഇടുക്കി, സുൽത്താൻ ബത്തേരി, കണ്ണൂർ തുടങ്ങിയ പ്രദേശങ്ങളിൽ അഡീഷണൽ ഗസ്റ്റ് ഹൗസുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ഗസ്റ്റ് ഹൗസുകളിലെ മുറികൾ പൊതുജനങ്ങൾക്ക് വാടകയ്ക്ക് നൽകിയതുമൂലം ഉണ്ടായിട്ടുള്ള ഗുണങ്ങൾ വിശദമാക്കാമോ ;

(സി) ഗസ്റ്റ് ഹൗസുകളിലെ മുറികൾ പൊതുജനങ്ങൾക്ക് വാടകയ്ക്ക് നൽകുന്ന സമ്പ്രദായം മുറികളുടെ അപര്യാപ്തത കൊണ്ട് താരതമ്യേന കുറവാണ്. എന്നാൽ 8-5-07 ലെ സർക്കാർ ഉത്തരവ് നം.286/07/ടൂറിസം അനുസരിച്ച് പൊതുജനങ്ങൾക്ക് വാടകയ്ക്ക് നൽകിയതു വഴി പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ ഗസ്റ്റ് ഹൗസുകളിലെ വരുമാനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(ഡി) ഗസ്റ്റ് ഹൗസുകളുടെ നവീകരണത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; ഏതെല്ലാം ഗസ്റ്റ് ഹൗസുകളുടെ നവീകരണമാണ് ഇപ്പോൾ നടക്കുന്നത് ?

(ഡി) വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ

(അനുബന്ധം നിയമസഭ ലൈബ്രറിയിൽ ലഭ്യമാണ്)

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട

ചോദ്യം നമ്പർ 498 — 15. 7. 09 ൽ മറുപടിക്ക്

ടൂറിസം പോലീസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോവൂർ കുഞ്ഞുമോൻ<br>ശ്രീ. എ.എ. അസീസ് | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) ടൂറിസം പോലീസിന്റെ സേവനത്തെക്കുറിച്ച് ടൂറിസം വകുപ്പ് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | (എ) ഉണ്ട്. കേരളത്തിലെ ടൂറിസം പോലീസിന്റെ പ്രവർത്തനത്തെക്കുറിച്ച് പഠിക്കാനും ടൂറിസ്റ്റുകൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്ന തരത്തിൽ ടൂറിസം പോലീസിനെ മാറ്റുന്നതിനുംവേണ്ടി കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രാവൽ ആന്റ് ടൂറിസം സ്റ്റഡീസിന്റെ ആഭിമുഖ്യത്തിലാണ് പഠനം നടത്തിയിട്ടുള്ളത്. |
| (ബി) ടൂറിസ്റ്റുകൾക്കു നേരെയുണ്ടായ അക്രമങ്ങൾ അവസാനിപ്പിക്കാൻ ടൂറിസം പോലീസിനു കഴിഞ്ഞിട്ടുള്ളതായി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; | (ബി) സംസ്ഥാനത്തെ പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ വിന്യസിച്ചിരിക്കുന്ന ടൂറിസം പോലീസ് , ടൂറിസ്റ്റുകൾക്ക് നേരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും അവർക്ക് വേണ്ട സഹായം നൽകുന്നതിനും സ്തുത്യർഹമായ സേവനമാണ് നടത്തികൊണ്ടിരിക്കുന്നത്. ടൂറിസം പോലീസിന്റെ ടി സേവനങ്ങൾ പ്രശംസനീയമാണ്. |
| (സി) ടൂറിസ്റ്റുകൾക്ക് ആവശ്യമായ സംരക്ഷണവും അറിവും നൽകുന്നതിന് ടൂറിസം പോലീസ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; | (സി) പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ടൂറിസ്റ്റ് എയ്ഡ് പോസ്റ്റുകൾ സ്ഥാപിച്ചും ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ പട്രോളിംഗ് നടത്തിയും ടൂറിസ്റ്റുകൾക്ക് എതിരെയുള്ള അതിക്രമങ്ങൾ തടയുകയും ആവശ്യമായ സംരക്ഷണം |

ഉറപ്പുവരുത്തുകയും ചെയ്തു വരുന്നു. ടൂറിസ്റ്റ് മേഖലകളിൽ പരിശീലനം സിദ്ധിച്ച ടൂറിസ്റ്റ് പോലീസുകാർ ലോക്കൽ പോലീസുമായി സഹകരിച്ച് ടൂറിസ്റ്റുകൾ എത്തുന്ന പ്രധാനപ്പെട്ട ബസ് സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷനുകൾ തുടങ്ങിയ ഇടങ്ങളിൽ ടൂറിസ്റ്റുകൾക്ക് ആവശ്യമായ സഹായം ചെയ്തുവരുന്നു.

(ഡി) ടൂറിസ്റ്റുകൾക്ക് നേരെയുള്ള എത്ര അക്രമങ്ങളും അവരുടെ പരാതികളും ടൂറിസം പോലീസ് വഴി കൈകാര്യം ചെയ്തിട്ടുണ്ട് ?

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടൂറിസ്റ്റുകളുടെ 17 പരാതികൾ ടൂറിസ്റ്റ് പോലീസ് വഴി കൈകാര്യം ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 499

15.7.2009-ൽ മറുപടിയ്ക്ക്

## മത്സ്യത്തൊഴിലാളികൾക്കുള്ള നിക്ഷേപ ആശ്വാസ പദ്ധതി

ചോദ്യം

മറുപടി

ശ്രീ. കെ. അജിത്
ശ്രീ. എൻ.അനിരുദ്ധൻ
ശ്രീ. കെ. രാജു
ശ്രീ. പള്ളിപ്രം ബാലൻ
ശ്രീ. പി.തിലോത്തമൻ

ശ്രീ. എസ്. ശർമ്മ
(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

എ) കേരളത്തിൽ മത്സ്യത്തൊഴിലാളികൾക്കുള്ള നിക്ഷേപ ആശ്വാസപദ്ധതിയിലേക്ക് കേന്ദ്ര ഗവൺമെന്റിൽ നിന്നും എന്തെങ്കിലും സഹായം ലഭിക്കാറുണ്ടോ; ഉണ്ടെങ്കിൽ കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ ഓരോ വർഷവും ലഭിച്ച സഹായം എത്ര വീതം;

എ) ഉണ്ട്. കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ ഓരോ വർഷവും ലഭിച്ച സഹായത്തിന്റെ വിവരം താഴെ കൊടുക്കുന്നു.

| വർഷം | ലഭിച്ച തുക |
|---|---|
| 2006-2007<br>2007-2008 | കേന്ദ്ര സഹായം ലഭിച്ചിട്ടില്ല. |
| 2008-2009 | 4.15 കോടി രൂപ |

ബി) ഈ പദ്ധതിയിലുൾപ്പെടുത്തി എന്തെല്ലാം സഹായങ്ങളാണ് മത്സ്യത്തൊഴിലാളികൾക്ക് നൽകി വരുന്നത്; ഈ സഹായത്തിന്റെ തോതു വർദ്ധിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ;

ബി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തി മറൈൻ സെക്ടറിലുള്ള മത്സ്യത്തൊഴിലാളികളിൽ നിന്ന് 75/- രൂപ നിരക്കിൽ 8 മാസം (ജൂലായ് മുതൽ ഫെബ്രുവരി മാസം വരെ) ശേഖരിക്കുകയും ഇപ്രകാരം ശേഖരിക്കുന്ന 600/- രൂപയുടെ കൂടെ കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും 300/- രൂപ വീതം നിരക്കിൽ (50:50) സർക്കാർ വിഹിതവും നൽകുന്നു. ഇപ്രകാരം ലഭിയ്ക്കുന്ന 1200/- രൂപ 300/- രൂപ നിരക്കിൽ 4 ഗഡുക്കളായി മത്സ്യത്തൊഴിലാളികൾക്ക് മാർച്ച്, ഏപ്രിൽ, മെയ്, ജൂൺ എന്നീ പഞ്ഞ മാസങ്ങളിൽ തിരികെ നൽകി വരുന്നു. മറൈൻ സെക്ടറിലെ അനുബന്ധതൊഴിലുമായി ബന്ധപ്പെട്ട വനിതാ മത്സ്യത്തൊഴിലാളികൾക്കും ഈ പദ്ധതിയുടെ പ്രയോജനം ഇതേ നിരക്കിൽ നൽകി വരുന്നു.

ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം വ്യത്യസ്ത നിരക്കിൽ നടപ്പിലാക്കിവരുന്നു. ഈ പദ്ധതിപ്രകാരം സെപ്റ്റംബർ മുതൽ മെയ് വരെയുള്ള 9 മാസങ്ങളിൽ മത്സ്യത്തൊഴിലാളികളിൽ നിന്ന് 50 രൂപ വീതം ശേഖരിക്കുകയും, ഇങ്ങനെ ശേഖരിക്കുന്ന 450 രൂപയുടെ കൂടെ കേന്ദ്ര സംസ്ഥാന വിഹിതമായ 450 രൂപ കൂട്ടിച്ചേർത്ത് 900/- രൂപ ശേഖരിക്കുകയും, ഈ തുക ജൂൺ, ജൂലായ്, ആഗസ്റ്റ് മാസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് തിരികെ നൽകുകയും ചെയ്യുന്നു.

ഈ സഹായത്തിന്റെ തോത് വർദ്ധിപ്പിച്ചുകൊണ്ട് കേന്ദ്ര സർക്കാരിന്റെ 28.1.09 ലെ എഫ് 12035/2/07 FY(WU) കത്ത് പ്രകാരം അനുമതി ലഭിച്ചിട്ടുണ്ട്. ആയതുപ്രകാരം 600/- രൂപ മത്സ്യത്തൊഴിലാളി അടയ്ക്കുകയും കേന്ദ്ര സർക്കാർ വിഹിതമായി 600/ രൂപയും സംസ്ഥാന സർക്കാർ വിഹിതമായി 600/- രൂപയും കൂട്ടി ചേർത്ത് മൊത്തം 1800 രൂപ സമാഹരിക്കുന്നു. ഇത് ഒരോ മത്സ്യത്തൊഴിലാളിയ്ക്കും 600/- രൂപ നിരക്കിൽ ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലായി തിരികെ നൽകുകയും ചെയ്യുന്നു. 9 മാസങ്ങളിലായി വിഹിതം ശേഖരിക്കുന്നതിനാണ് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിരിക്കുന്നത്. ഈ പദ്ധതി പുതുക്കിയ രീതിയിൽ മറൈൻ വിഭാഗത്തിൽ ആഗസ്റ്റ് മുതൽ മാർച്ച് വരെയും, ഉൾനാടൻ വിഭാഗത്തിൽ സെപ്റ്റംബർ മുതൽ മെയ് വരെയും 2009 2010-ൽ നടപ്പിലാക്കുന്നതാണ്.

സി) ഈ പദ്ധതിയിലേക്ക് കേന്ദ്ര ഗവൺമെന്റിൽ നിന്നും എത്ര കോടി രൂപയുടെ കുടിശ്ശിക അവശേഷിക്കുന്നുണ്ട്; ഈ കുടിശ്ശിക ലഭിക്കാനുള്ള സാദ്ധ്യതയുണ്ടോ?

സി) ഈ പദ്ധതിയിലേക്ക് കേന്ദ്ര ഗവൺമെന്റിൽ നിന്നും കേന്ദ്ര സഹായമായി 28.26 കോടി രൂപ കുടിശ്ശികയുണ്ട്. ഈ കുടിശ്ശിക ലഭിക്കുന്നതിനായി കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നുണ്ട്.

Kumar

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. 500

15.7.2009-ൽ മറുപടിയ്ക്ക്

## തൊഴിലുറപ്പു പദ്ധതിയിൽ ലഭിക്കുന്ന തൊഴിൽ ദിനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.ശിവദാസൻ നായർ:<br>ശ്രീ.അടൂർ പ്രകാശ്:<br>ശ്രീ.ജി.കാർത്തികേയൻ: | | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) | |
| എ. | തൊഴിലുറപ്പു പദ്ധതിയിൽ സംസ്ഥാനത്തു നിന്നും എത്ര പേർ ചേർന്നിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; | എ. | തൊഴിലുറപ്പു പദ്ധതി പ്രകാരം സംസ്ഥാനത്ത് നാളിതുവരെ 20.39 ലക്ഷം കുടുംബങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവരിൽ 18.9 ലക്ഷം കുടുംബങ്ങൾ തൊഴിൽ കാർഡ് കൈപറ്റുകയും 6,96,680 കുടുംബങ്ങൾ തൊഴിൽ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. |
| ബി. | അവർക്ക് പ്രതിവർഷം ശരാശരി എത്ര ദിവസത്തെ തൊഴിൽ നൽകാനാണ് കഴിഞ്ഞിട്ടുള്ളത് എന്നും ഇവർക്ക് കൂടുതൽ ദിവസത്തെ തൊഴിൽ കൊടുക്കുന്നതിനുള്ള ബുദ്ധിമുട്ടെന്തായിരുന്നുവെന്നും അറിയിക്കുമോ; | ബി. | 2008-09 സാമ്പത്തിക വർഷത്തിൽ ഒരു കുടുംബത്തിന് ശരാശരി 22 ദിവസത്തെ തൊഴിൽ നൽകുവാൻ സാധിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്തെ 10 ജില്ലകളിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി 1-4-08 മുതലാണ് ആരംഭിച്ചത്. സംഘടനാ സംവിധാനം, പ്രചരണ പരിപാടികൾ, രജിസ്ട്രേഷൻ, ജോബ് കാർഡ് വിതരണം, പരിശീലനം തുടങ്ങിയ മുന്നൊരുക്ക പ്രവർത്തനങ്ങൾക്കുശേഷമാണ് തൊഴിൽ ആവശ്യപ്പെട്ടു തുടങ്ങുന്നത്. ആയതിനാലാണ് ഒരു കുടുംബത്തിന് ലഭിക്കുന്ന ശരാശരി തൊഴിൽ ദിനങ്ങളിൽ കുറവുണ്ടായത്. |
| സി. | തൊഴിലുറപ്പു പദ്ധതി സംസ്ഥാനത്തു ഫലപ്രദമാക്കുന്നതിന് നീർത്തട പദ്ധതികൾ പോലുള്ള പദ്ധതികളിൽ ചേർന്നിട്ടുള്ളവരുടെ സേവനം വിനിയോഗിക്കുന്ന കാര്യം ചിന്തിച്ചിട്ടുണ്ടോ ; | സി. | നീർത്തടാധിഷ്ഠിതമായി തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. |
| ഡി. | ഈ പദ്ധതിയിലൂടെ സംസ്ഥാനത്തിന് കഴിഞ്ഞവർഷം ശരാശരി എത്ര ദിവസത്തെ ജോലി കൊടുക്കാൻ കഴിഞ്ഞിട്ടുണ്ട് എന്ന് അറിയിക്കുമോ? | ഡി. | 2008-09-ൽ സംസ്ഥാനത്ത് ശരാശരി 22 ദിവസം തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 501

15-7-2009 ൽ
മറുപടിക്ക്

സുവനീർ വ്യവസായം വികസിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ. ദിവാകരൻ :<br>ശ്രീ. പി. വിശ്വൻ :<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :<br>ശ്രീ. ബി.ഡി. ദേവസ്സി :<br>ശ്രീ. ബാബു.എം. പാലിശ്ശേരി: | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) സുവനീർ വ്യവസായം വികസിപ്പിക്കുന്നതിന് ടൂറിസം വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | എ) സംസ്ഥാനത്തിന്റെ തനതുൽപ്പന്നങ്ങളെ ഉൾപ്പെടുത്തി സുവനീർ വ്യവസായശാഖ തുടങ്ങുന്നതിന്റെ ഭാഗമായി ആരംഭിച്ച പദ്ധതിയാണ് സുവനീർ വ്യവസായ വികസന പദ്ധതി. ഗ്രേറ്റ് ഇന്ത്യാ ടൂറിസം കൺസൾട്ടൻസി സർവ്വീസസ് എന്ന സ്ഥാപനത്തെ കൺസൾട്ടന്റായി നിയമിക്കുകയും ഇവർ തയ്യാറാക്കിയ 110 സുവനീർ ഡിസൈനുകൾ സർക്കാർ തലത്തിലുള്ള കമ്മിറ്റിയുടെ ഉപദേശപ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.<br>വിപണന സാദ്ധ്യതകളുമായി ബന്ധപ്പെട്ട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ മാനേജ്മെന്റ് നടത്തിയ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബിസിനസ്സ് അസോസിയേറ്റ്സിനെ തെരഞ്ഞെടുക്കുന്നതിന് 28-2-2009 ലെ സർക്കാർ ഉത്തരവ് (എംഎസ്) നം. 54/09/ടൂറിസം പ്രകാരം അനുമതി നല്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| ബി) ഇതിനകം എത്ര സുവനീർ ഡിസൈനുകൾ ടൂറിസം വകുപ്പ് അംഗീകരിച്ചിട്ടുണ്ട്; | ബി) 110 (നൂറ്റിപത്ത്) |
| സി) ഇവയുടെ ഉല്പാദനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | സി) വിപണന സാദ്ധ്യതകളുമായി ബന്ധപ്പെട്ട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ മാനേജ്മെന്റ് നടത്തിയ പഠന റിപ്പോർട്ടിന്റെ |

അടിസ്ഥാനത്തിൽ ബിസിനസ്സ് അസോസിയേറ്റ്സ് മുഖാന്തിരം ഉല്പന്നങ്ങൾ ഉല്പാദിപ്പിച്ച് **വിപണനം** ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

| | |
|---|---|
| ഡി) സുവനീർ ഉല്പന്നങ്ങളുടെ വിപണനത്തിനായി പ്രത്യേക ഷോറൂമുകൾ ആരംഭിക്കുമോ; | ഡി) ആരംഭിക്കും |
| ഇ) ഇതിനകം എത്ര സുവനീറുകൾ വിപണിയിലെത്തിയിട്ടുണ്ട്; ഇവയോട് ടൂറിസ്റ്റുകളുടെ പ്രതികരണം എങ്ങനെയെന്ന് വെളിപ്പെടുത്തുമോ? | ഇ) 50 സുവനീർ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും വിപണിയിൽ എത്തിക്കുന്നതിനും വേണ്ടിയുള്ള ഉല്പാദകരെ കണ്ടെത്തിയിട്ടുണ്ട്. ഈ ഉത്പന്നങ്ങളെല്ലാം ടൂറിസം വകുപ്പ് നടത്തിയ വിവിധ റോഡ്ഷോകളിൽ പ്രദർശിപ്പിക്കുകയും സ്വദേശ-വിദേശ ടൂറിസ്റ്റുകളുടെ ശ്രദ്ധ ആകർഷിക്കുകയും ചെയ്തിട്ടുള്ളവയാണ്. |

Sa

Saraswathy

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

നിയമസഭാ ചോദ്യം : 502 — 15.07.2009- ൽ മറുപടിക്ക്.

# സ്മാർട്ട് പോലീസ് സ്റ്റേഷനുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബാബു പോൾ<br>ശ്രീ. എൻ. അനിരുദ്ധൻ<br>ശ്രീ. വി. എസ്. സുനിൽകുമാർ<br>ശ്രീ. എ. കെ. ചന്ദ്രൻ<br>ശ്രീ. മാങ്കോട് രാധാകൃഷ്ണൻ | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകൾ സ്മാർട്ട് പോലീസ് സ്റ്റേഷനുകളാക്കി മാറ്റുന്നതിനുള്ള പദ്ധതിയുണ്ടോ ; ഉണ്ടെങ്കിൽ സ്റ്റേഷനുകളിൽ ഏതെല്ലാം തരത്തിലുള്ള ആധുനിക സംവിധാനങ്ങളാണ് ഏർപ്പെടുത്തി കൊടുക്കുവാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ; | (എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ഇന്റഗ്രേറ്റഡ് ലോക്കപ്പ് മോണിറ്ററിംഗ് സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ബ്രോഡ്ബാന്റ് സംവിധാനം ഏർപ്പെടുത്തി ഇ-മെയിൽ സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ അടുത്തുതന്നെ പൂർത്തിയാകും. ഇതിലൂടെ ലോകത്ത് എവിടെനിന്നും ഏത് പോലീസ് സ്റ്റേഷനുമായി ബന്ധപ്പെടുന്നതിനുള്ള സൗകര്യമുണ്ടാകും. സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിലെ ഭൂരിഭാഗം പോലീസുകാർക്കും അവരുടെ മേലുദ്യോഗസ്ഥന്മാർക്കും മൊബൈൽ |

ഫോൺ കണക്ഷനുകൾ നൽകുന്ന പദ്ധതിയും ഉടൻതന്നെ നടപ്പിലാക്കുന്നതാണ്. ഇതിലൂടെ പൊതുജനങ്ങൾക്ക് പോലീസ് സ്റ്റേഷന്റെയും സേനാംഗങ്ങളുടെയും സേവനം കൃത്യമായും കാലതാമസമില്ലാതെയും ലഭിക്കുന്നതിനുള്ള അവസരമുണ്ടാകും.

| | | |
|---|---|---|
| (ബി) പോലീസ് സ്റ്റേഷനുകളിൽ കുറ്റവാളികളെ സൂക്ഷിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാം ; ഇന്നുള്ള സംവിധാനങ്ങളിലെ പോരായ്മകൾ പരിഹരിക്കുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ; | : | (ബി) പോലീസ് സ്റ്റേഷനുകളിൽ കുറ്റവാളികളെ സൂക്ഷിക്കുന്നതിന് നിലവിൽ ലോക്കപ്പുകൾ ഉണ്ട്. ലോക്കപ്പിലുള്ളവരെ നിരീക്ഷിക്കുന്നതിനായി ക്യാമറ സംവിധാനം (ഇന്റഗ്രേറ്റഡ് ലോക്കപ്പ് മോണിറ്ററിംഗ് സിസ്റ്റം) തെരഞ്ഞെടുത്ത പോലീസ് സ്റ്റേഷനുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. ജസ്റ്റിസ് കെ. ടി. തോമസ് കമ്മീഷൻ, ലോക്കപ്പുകൾ പോലീസ് സ്റ്റേഷനുകളിൽ നിന്ന് വേർതിരിക്കേണ്ടതാണെന്നും എല്ലാ സബ് ഡിവിഷനുകളിലും കേന്ദ്രീകൃത ലോക്കപ്പ് സംവിധാനം ഏർപ്പെടുത്തേണ്ടതാണെന്നും, തടവുകാരെ അത്തരം കേന്ദ്രീകൃത ലോക്കപ്പുകളിൽ മാത്രമേ പാർപ്പിക്കാൻ പാടുള്ളൂവെന്നും ശുപാർശ ചെയ്തിട്ടുണ്ട്. ഈ ശുപാർശ വകുപ്പുതലത്തിൽ പരിശോധിച്ചുവരികയാണ്. |
| (സി) സ്വന്തമായി കെട്ടിടമില്ലാത്ത എത്ര പോലീസ് സ്റ്റേഷനുകൾ സംസ്ഥാനത്തുണ്ടെന്ന് വ്യക്തമാക്കുമോ ? | : | (സി) സ്വന്തമായി കെട്ടിടമില്ലാത്ത **74** പോലീസ് സ്റ്റേഷനുകൾ സംസ്ഥാനത്തുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.503 15.7.2009 ൽ മറുപടിയ്ക്ക്

ഭാഗ്യക്കുറി നടത്തിപ്പിലെ പരിഷ്കാരങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.കെ.കെ.ജയചന്ദ്രൻ<br>ശ്രീ.ടി.വി.കുഞ്ഞുണ്ണി<br>ശ്രീ.കെ.സി.കുഞ്ഞിരാമൻ<br>ശ്രീ.എം.ജെ.ജേക്കബ് | ഡോ.റ്റി .എം.തോമസ് ഐസക്ക്<br>(ധനകാര്യ വകുപ്പു മന്ത്രി) |

| | |
|---|---|
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഭാഗ്യക്കുറി നടത്തിപ്പിൽ വരുത്തിയ പരിഷ്കാരങ്ങൾ എന്തൊക്കെയാണ്; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം താഴെപ്പറയുന്ന പരിഷ്കാരങ്ങൾ ഭാഗ്യക്കുറി വകുപ്പിൽ നടപ്പിലാക്കി<br>(1) അധികാര വികേന്ദ്രീകരണം നടപ്പിലാക്കു ന്നതിന്റെ ഭാഗമായി പുതിയ ഭാഗ്യക്കുറികൾ തുടങ്ങുക, സമ്മാനഘടന പരിഷ്കരിക്കുക, പരസ്യങ്ങൾ നൽകുക എന്നിവ ഉൾപ്പെടെ സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർക്ക് വിപുലമായ അധികാരങ്ങൾ നൽകി.<br>(2) ജില്ലാ ഭാഗ്യക്കുറി ഓഫീസർമാർക്ക് പാസ്സാ ക്കാവുന്ന സമ്മാനത്തുകയുടെ പരിധി 5000 രൂപയിൽ നിന്ന് 1 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചു. ഭാഗ്യക്കുറി ഡെപ്യൂട്ടി ഡയറക്ടർക്ക് ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ 20 ലക്ഷം രൂപ വരെയും ഡയറക്ടർക്ക് 20 ലക്ഷം രൂപയ്ക്ക് മുകളിലുമുള്ള ക്ലെയിമുകൾ പാസ്സാക്കുന്നതിന് അനുമതി നൽകി.<br>(3) നവീകരണ പ്രക്രിയയുടെ ഭാഗമായി ടിക്കറ്റ് അച്ചടി, വിതരണം, സമ്മാനവിതരണം എന്നിവ യിന്മേൽ ക്രിയാത്മകമായ പരിഷ്കാരം വരുത്തി. കടക്കുറ്റി സമ്പ്രദായം ഒഴിവാക്കാനായി ടിക്കറ്റുകളിൽ കൂടുതൽ സുരക്ഷാ ക്രമീകരണ ങ്ങളോടെ റാന്റം നമ്പറിങ്ങ്, ബാർകോഡിങ്ങ് തുടങ്ങിയ സാങ്കേതിക വിദ്യകൾ വിജയകരമായി നടപ്പിലാക്കി.<br>(4) ഭാഗ്യക്കുറി ടിക്കറ്റുകൾ രജിസ്റ്റേർഡ് ഏജന്റു മാർക്ക് ബാങ്ക് ഗ്യാരണ്ടി വ്യവസ്ഥയിൽ കടമായി നൽകുവാൻ വ്യവസ്ഥയുണ്ടാക്കി.<br>(5) കൂടുതൽ ഏജന്റുമാരെ ചേർക്കുന്നതിലേയ്ക്ക് ഏജൻസി ഫീസ് 400 രൂപയിൽ നിന്നും 200 രൂപയായും പുതുക്കൽ ഫീസ് 100 രൂപയിൽ നിന്നും 50 രൂപയായും കുറവ് ചെയ്തു. കാഷ്വൽ ഏജൻസി ഫീസ് 50 രൂപയാക്കി നിജപ്പെടുത്തി. |

(6) കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി ജീവനക്കാർക്ക് കെൽട്രോൺ, ഐ.എം.ജി. തുടങ്ങിയ സ്ഥാപനങ്ങളുമായി ചേർന്ന് പരിശീലനം നൽകി.

(7) വിൽപന വർദ്ധിപ്പിക്കുന്നതിന് പരസ്യ പ്രചാരണ പരിപാടികൾ ശക്തിപ്പെടുത്തു ന്നതിന്റെ ഭാഗമായി മൊത്തം വിറ്റുവരവിന്റെ 3% വരുന്ന തുക പരസ്യച്ചെലവിനത്തിൽ ഉപയോഗിക്കുന്നതിന് അനുമതി നൽകി.

(8) വകുപ്പിന്റെ കാതലായ പ്രവർത്തനങ്ങളെല്ലാം കമ്പ്യൂട്ടർവൽക്കരിച്ചു. ഇതിനായി കെൽട്രോണിനെ മൊത്ത സേവനദാതാവായി നിയമിക്കുകയും ലോട്ടറി ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (LIMS) വികസിപ്പിച്ചു കൊണ്ട് നടപ്പിലാക്കുകയും ചെയ്തു.

(9) വകുപ്പിന്റെ പ്രവർത്തന കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലേക്കായി ഓഫീസ് നവീകരണത്തിന് 1,15,00,000/- രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകുകയും 3 പുതിയ വാഹനങ്ങൾ അനുവദിക്കുകയും ചെയ്തു.

(10) ജീവനക്കാരുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിലേയ്ക്കായി ജില്ലാ ഭാഗ്യക്കുറി ആഫീസർമാർക്ക് വരെ മൊബൈൽ ഫോൺ കണക്ഷൻ അനുവദിക്കുകയും അവധി ദിവസങ്ങളിൽ ജോലി ചെയ്യുന്നതിന് ജീവന ക്കാർക്ക് അധിക ദിന ബത്ത അനുവദിക്കുകയും ചെയ്തു.

(11) ടിക്കറ്റുകൾ അച്ചടിക്കുന്നതിന് സംവിധാനം ഒരുക്കുന്നതിലേയ്ക്കായി **Kerala State Audio Visual And Reprographic Centre** ന് 3 കോടി രൂപ വായ്പയായി അനുവദിച്ചു.

(12) വകുപ്പിന്റെ പ്രവർത്തനം കൂടുതൽ സുതാര്യമാക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള വെബ്സൈറ്റ് കൂടുതൽ ആകർഷകവും പ്രയോജന പ്രദവുമാക്കുന്നതിന് സി-ഡിറ്റുമായി സഹകരിച്ച് നടപടി സ്വീകരിക്കുകയും നറുക്കെടുപ്പ് ഫലം ഉടൻ തന്നെ സൈറ്റിൽ ലഭ്യമാക്കുകയും ചെയ്യുന്നു.

(13) ഭാഗ്യക്കുറി വിൽപനക്കാരെക്കൂടി ഉൾപ്പെടുത്തി നിലവിലുണ്ടായിരുന്ന ലോട്ടറി ഏജന്റ്സ് ക്ഷേമനിധി ഫണ്ട് പുനഃസംഘടിപ്പിച്ചു.

(14) തങ്കനാണയങ്ങൾ സമ്മാനമായി നൽകുന്ന തുൾപ്പെടെയുള്ള പുതിയ ഭാഗ്യക്കുറികൾ നടത്തുന്നതിന് അനുമതി നൽകി.

(ബി) ലോട്ടറിയുടെ വിൽപന യിലും ലാഭത്തിലും ഈ ഗവൺമെന്റ് അധികാര ത്തിൽ വന്ന ശേഷം മുൻകാലത്തെ അപേക്ഷിച്ച് ഉണ്ടായിട്ടുള്ള വളർച്ച വിശദമാക്കുമോ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമുള്ള ലാഭം സംബന്ധിച്ച കണക്ക് ചുവടെ ചേർക്കുന്നു.

(തുക കോടി രൂപയിൽ)

| വർഷം | ആകെ വിറ്റ ടിക്കറ്റുകളുടെ എണ്ണം | മൊത്ത വരുമാനം | ലാഭം | നികുതിയിനത്തിൽ അടച്ച തുക |
|---|---|---|---|---|
| 2006-07 | 19.19 | 236.15 | 36.35 | 5.63 |
| 2007-08 | 28.20 | 333.85 | 48.28 | 16.15 |
| 2008-09 | 38.77 | 484.57 | 104.23 | 29.37 |

(സി) അനധികൃത ലോട്ടറികൾക്കെതിരായ കേസിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ?

(സി) അനധികൃത ഭാഗ്യക്കുറികൾക്കെതിരെയുള്ള കേസുകൾ എല്ലാം ബഹു.സുപ്രീം കോടതി മുൻപാകെ വാദം കേൾക്കുന്നതിനായി മാറ്റി വച്ചിരിക്കുകയാണ്.

Chandrika

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ. 504

15.7.2009 - ൽ മറുപടിക്ക്

### സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന് നിയമനിർമ്മാണം

**ചോദ്യം**

ശ്രീ. വി. ശിവൻ കുട്ടി :
ശ്രീ. അൽഫോൺസ് കണ്ണന്താനം :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. എം. പ്രകാശൻ മാസ്റ്റർ :

(എ) സൈബർ നിയമങ്ങൾ സംബന്ധിച്ച് സിഡിറ്റും കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസ് അതോറിറ്റിയും സംയുക്തമായി സംഘടിപ്പിച്ച ശിൽപ്പശാലയിൽ സൈബർ കുറ്റകൃത്യങ്ങൾ ഫലപ്രദമായി തടയുന്നതിനായി എന്തെല്ലാം നിർദ്ദേശങ്ങളാണ് മുന്നോട്ട് വച്ചത് ;

**ഉത്തരം**

**ശ്രീ. കോടിയേരി ബാലകൃഷ്ണൻ**
(ബഹു. ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പ് മന്ത്രി)

(എ) ശിൽപശാലയുടെ നിർദ്ദേശങ്ങൾ താഴെകൊടുത്തിരിക്കുന്നു.

1. സൈബർ കുറ്റകൃത്യങ്ങൾ തെളിയുന്നതിനുള്ള പ്രധാന പ്രതിബന്ധങ്ങളായ തെളിവുകളുടെ കണ്ടെത്തൽ, ശേഖരണം, കോടതിയിൽ കേസുകൾ തെളിയിക്കുന്നതിനാവശ്യമായ സംവിധാനം എന്നിവ സംബന്ധിച്ച് ഒരു ഏകീകൃത നടപടിക്രമം (Uniform Procedure ) ഉണ്ടാകുന്നതിനാവശ്യമായ ശ്രമം ഉണ്ടാകണം.
2. സൈബർ കുറ്റകൃത്യങ്ങൾ തെളിയിക്കുന്നതിനാവശ്യമായ ഫോറൻസിക് ടൂളുകളുടെ ഉപയോഗം ക്രമീകരിക്കുന്നതിനും ഇത്തരം ടൂളുകൾ സർട്ടിഫൈ ചെയ്യുന്നതിനും ഒരു അതോറിറ്റി ഉണ്ടാകവുകയും വേണം.
3. സൈബർ കുറ്റകൃത്യങ്ങൾ സംബന്ധിച്ച കേസുകൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക കോടതികൾ നിലവിൽ വരേണ്ടത് ആവശ്യമാണ്.
4. സൈബർ കുറ്റകൃത്യങ്ങൾ, അവ തടയുന്നതിന്റെ ആവശ്യകത, സൈബർ നിയമങ്ങൾ എന്നിവയെക്കുറിച്ച് ജനങ്ങളുടെ ഇടയിൽ വ്യാപകമായ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണം.

5. സൈബർ കുറ്റകൃത്യങ്ങളുടെ രൂപവും ഭാവവും ദൈനംദിനമെന്നോണം മാറി വരുന്ന സാഹചര്യത്തിൽ ഐ. ടി. ആക്ടിൽ ആവശ്യമായ ഭേദഗതികൾ നടക്കേണ്ടതുണ്ട്.

(ബി) സംസ്ഥാനത്ത് സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നത് തടയുന്നതിന് നിലവിലുള്ള സംവിധാനം ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ; ഇതിനായി നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന് വേണ്ടി പോലീസ് ആസ്ഥാനത്ത് ഒരു അസിസ്റ്റന്റ് കമാന്റിന്റെ നേതൃത്വത്തിൽ സൈബർ ഫോറൻസികിൽ പ്രാവീണ്യം നേടിയ 13 പോലീസുകാർ ഉൾപ്പെട്ട ഒരു പ്രത്യേക വിഭാഗമായി ഹൈടെക് സെൽ പ്രവർത്തിച്ചു വരുന്നു. അഡീഷണൽ പോലീസ് ഡയറക്ടർ ജനറൽ (ക്രൈംസ്) ന്റെ നിയന്ത്രണത്തിലാണ് ടി ഹൈടെക് ഇൻക്വയറി സെൽ. കൂടാതെ തിരുവനന്തപുരം, പട്ടത്തുള്ള സ്റ്റേറ്റ് ക്രൈം റിക്കാർഡ്സ് ബ്യൂറോ കെട്ടിടത്തിൽ ഒരു സൈബർ പോലീസ് സ്റ്റേഷൻ 1.6.2009 മുതൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

കേന്ദ്ര സർക്കാരിന്റെ ഇൻഫർമേഷൻ ടെക്നോളജി വകുപ്പ് തയ്യാറാക്കിയ " Crisis Management Plan for Countering Cyber Attacks and Cyber Terrorism " - ന്റെ അടിസ്ഥാനത്തിൽ ഐ. ടി മിഷൻ ഡയറക്ടറുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. സൈബർ കുറ്റകൃത്യങ്ങൾ നേരിടുന്നതിനായി ഒരു " Programme of Action " നിർദ്ദേശിക്കുകയും അതിനാവശ്യമായ പ്രചാരണ പ്രവർത്തനം നടത്തുകയുമാണ് കമ്മിറ്റിയുടെ ലക്ഷ്യം. കൂടാതെ ഐ. ടി. സെക്രട്ടറിയെ സൈബർ കുറ്റകൃത്യങ്ങളുടെ " Adjudicating Officer " ആയി നാമനിർദ്ദേശം ചെയ്തുകൊണ്ടുള്ള ശുപാർശ കേന്ദ്ര സർക്കാരിനയച്ചു കൊടുത്തിട്ടുണ്ട്.

കമ്മിറ്റിയുടെ ശുപാർശ ലഭിക്കുന്ന മുറയ്ക്ക് ആവശ്യമെങ്കിൽ നിയമനിർമ്മാണം നടത്തുന്നകാര്യം പരിഗണിക്കുന്നതാണ്.

(സി) നിരപരാധികൾ സൈബർ കുറ്റകൃത്യങ്ങളിൽ പ്രതിയാകുന്നത് ഒഴിവാക്കാൻ ആവശ്യമായ ബോധവൽക്കരണ പരിപാടികൾ ആഭ്യന്തര വകുപ്പും ഐ. ടി. വകുപ്പും ചേർന്ന് സംഘടിപ്പിക്കുമോ ;

(സി) സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന് ആവശ്യമായ ബോധവത്ക്കരണ പരിപാടികൾ ഏറ്റെടുത്ത് നടത്തുന്നതിനും വിവര സാങ്കേതിക വിദ്യയിൽ അനുദിനം ഉണ്ടാകുന്ന മാറ്റങ്ങൾക്ക് അനുസൃതമായിട്ടുള്ള സൈബർ ഫോറൻസിക് ടൂളുകൾ വികസിപ്പിക്കുന്നതിനും സി-ഡിറ്റ് തയ്യാറാക്കി വരുന്ന ഒരു പദ്ധതി സംസ്ഥാന സർക്കാർ കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കാൻ ഉദ്ദേശിക്കുന്നു.

(ഡി) ആഭ്യന്തര വകുപ്പിന്റെ ഹൈടെക് സെല്ലിൽ ഇതുവരെ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ; അതിൽ എത്ര കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

(ഡി) പോലീസ് ആസ്ഥാനത്ത് പ്രവർത്തിക്കുന്ന ഹൈടെക് സെല്ലിൽ ഇതുവരെ ലഭിച്ച 4085 പരാതികളിൽ 2573 എണ്ണത്തിൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം 15.7.2009 - ൽ മറുപടിക്ക്

നമ്പർ: 505

## കെ.എസ്.ടി.പി. പദ്ധതിയുമായി ബന്ധപ്പെട്ട വിജിലൻസ് അന്വേഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കുട്ടി അഹമ്മദ് കുട്ടി :<br>ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി: | ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>( ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി ) |
| (എ) കെ.എസ്.ടി.പി. പദ്ധതിയുമായി ബന്ധപ്പെട്ട് സർക്കാർ വിജിലൻസ് അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | (എ) കെ.എസ്.ടി.പി.റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് 3 വിജിലൻസ് അന്വേഷണങ്ങൾക്ക് സർക്കാർ ഉത്തരവിട്ടിട്ടുണ്ട്.<br>ചുണ്ടൽ - കുറ്റിപ്പുറം റോഡ് നിർമ്മാണത്തിലെ അഴിമതിയുമായി ബന്ധപ്പെട്ട് ഒരു വിജിലൻസ് അന്വേഷണവും, കേരള സംസ്ഥാന ഗതാഗത പദ്ധതി സംബന്ധിച്ച് സംസ്ഥാനത്തും ഇന്ത്യയ്ക്കകത്തും ഉള്ള കൺസൾട്ടിംഗ് ഏജൻസികളെ ഒഴിവാക്കി വിദേശ കൺസൾട്ടൻസികൾക്ക് കരാർ നൽകിയതിലെ ക്രമക്കേടുകൾ സംബന്ധിച്ച് - മറ്റൊരു വിജിലൻസ് അന്വേഷണവും, കൊയിലാണ്ടി-താമരശ്ശേരി റോഡിൻെറ അറ്റകുറ്റപ്പണികൾ കെ.എസ്.ടി.പി.കുറ്റിപ്പുറം ഡിവിഷൻ ഭഗീരഥാ എഞ്ചിനീയറിംഗ് കമ്പനി മുഖേന നടത്തിയതുമായി ബന്ധപ്പെട്ട വിജിലൻസ് അന്വേഷണവും നടത്തുന്നതിനാണ് സർക്കാർ ഉത്തരവ് നൽകിയിട്ടുള്ളത്. |

(ബി) അന്വേഷണം ഇതിനകം പൂർത്തിയായിട്ടുണ്ടോ ; റിപ്പോർട്ടു സർക്കാരിനു ലഭിച്ചിട്ടുണ്ടോ ?

(ബി) ഒരു വിജിലൻസ് അന്വേഷണം പൂർത്തിയായി. റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്.

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട

ചോദ്യം നമ്പർ * 506 15.7.2009 ൽ മറുപടിക്ക്

കേന്ദ്ര സർക്കാർ അനുവദിച്ച ടൂറിസം പദ്ധതികൾ

ചോദ്യം

ഉത്തരം

പ്രൊഫ. എൻ. ജയരാജ്

ശ്രീ. തോമസ് ഉണ്ണിയാടൻ

ശ്രീ. കോടിയേരി ബാലകൃഷ്ണൻ

(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ ടൂറിസം മേഖലയിൽ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അനുവദിച്ച പദ്ധതികൾ ഏതൊക്കെയാണ് ; | (എ) അനുബന്ധം A യിൽ ചേർത്തിട്ടുണ്ട്. |
| (ബി) ഇവയിൽ എത്ര പദ്ധതികൾക്ക് ഭരണാനുമതി ലഭിച്ചു ; | (ബി) & (സി) അനുബന്ധം B യിൽ ചേർത്തിട്ടുണ്ട്. |
| (സി) ഭരണാനുമതി ലഭിച്ച പദ്ധതികളുടെ അടങ്കൽ തുക എത്ര ; | |
| (ഡി) ഭരണാനുമതി ലഭിക്കാത്ത പദ്ധതികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ? | (ഡി) ഭരണാനുമതി നൽകാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

(അനുബന്ധം നിയമസഭാ ലൈബ്രറിയിൽ ലഭ്യമാണ്)

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ :507 — 15-7-2009-ൽ മറുപടിയ്ക്ക്

പുതിയ വിനോദസഞ്ചാര വികസന മേഖലകൾ

ചോദ്യം — ഉത്തരം

ശ്രീ.കെ.പി.മോഹനൻ :
ശ്രീ. എം.കെ.പ്രേംനാഥ് :
ശ്രീ.എം.വി.ശ്രേയാംസ് കുമാർ :

ശ്രീ.കോടിയേരി ബാലകൃഷ്ണൻ
(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി).

| | |
|---|---|
| (എ) പുതിയ വിനോദസഞ്ചാര വികസന മേഖലകൾ സംസ്ഥാനത്തിനായി പ്രയോജനപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള പ്രധാന നടപടികൾ വ്യക്തമാക്കുമോ ; | (എ) ടൂറിസം വികസനവും അതുവഴി വരുമാനത്തിന്റെ ഗണ്യമായ പങ്ക് ടൂറിസത്തിലെ വിവിധ മേഖലകളിൽ പങ്കാളികളായ ജനവിഭാഗത്തിന് ഉറപ്പാക്കുന്ന ഉത്തരവാദിത്ത ടൂറിസം, ടൂറിസം സാദ്ധ്യതകളുള്ള ഗ്രാമങ്ങളെ കണ്ടെത്തി അവയുടെ ടൂറിസം വികസനവും ടൂറിസം ഉല്പന്നങ്ങളുടെ വിപണനവും സൃഷ്ടിക്കുന്ന 'എന്റെ ഗ്രാമം ടൂറിസം സൗഹൃദ ഗ്രാമം' പദ്ധതി, കായൽ ടൂറിസം, കൊച്ചിയിലെ മറീന, ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ, അന്യം നിന്നു പോകുന്ന കേരളത്തിലെ തനതു കലാരൂപങ്ങൾ സംരക്ഷിക്കുവാനും പ്രചരിപ്പിക്കുവാനും കലാകാരൻമാരെ സാമ്പത്തികമായി സഹായിക്കുവാനും രൂപം നൽകിയ 'ഉത്സവം', ഹെൽത്ത് ടൂറിസം, സുവനീർ വ്യവസായം, ഫാം ടൂറിസം, |

അഡ്വഞ്ചർ ടൂറിസം, എത്നിക് ഫുഡ് ടൂറിസം എന്നിവ കൂടാതെ മൺ സൂൺ ടൂറിസം പദ്ധതി, ജെറ്റ് 2 കേരള പദ്ധതി, റേഡിയോ മിർച്ചിയു മായി ചേർന്ന് നടത്തിയ പ്രചരണം എന്നിവയും ടൂറിസം വകുപ്പ് ആവി ഷ്കരിച്ച പുതിയ പദ്ധതികളാണ്.

(ബി) പുതിയ വിനോദസഞ്ചാര വികസന പദ്ധതികളിലെ സ്വകാര്യ പങ്കാളിത്തം സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ ?

(ബി) സ്വകാര്യ മേഖലയുടെ സജീവമായ പങ്കാളിത്തത്തോടെ മാത്രമേ ടൂറിസം വികസനം നടപ്പാക്കാൻ കഴിയുകയുള്ളൂ. ആകയാൽ പുതിയ വിനോദസഞ്ചാര പദ്ധതികൾ സ്വകാര്യ മേഖലയെക്കൂടി സഹകരിപ്പിച്ചുകൊണ്ടാണ് നടപ്പാക്കുന്നത്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. 508

15.07.2009 - ൽ മറുപടിക്ക്

# തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്ലാൻ ഫണ്ട് വിനിയോഗം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീമതി.കെ.കെ.ലതിക<br>ശ്രീ.എം.എം.മോനായി<br>ശ്രീ.എ.സി.മൊയ്തീൻ<br>ശ്രീ.കെ.വി.കുഞ്ഞിരാമൻ<br>ശ്രീ.വി.ശശികുമാർ | | ശ്രീ.പാലോളി മുഹമ്മദ്കുട്ടി<br>(ബഹു: തദ്ദേശ സ്വയം ഭരണവും ഗ്രാമ വികസനവും വകുപ്പ് മന്ത്രി) |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്ലാൻ ഫണ്ട് വിനിയോഗം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ; | (എ) | പദ്ധതി ചെലവുകൾ മുടക്കം കൂടാതെ നടപ്പാക്കുന്നതിന്റേയും സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദം മുതൽക്ക് തന്നെ പദ്ധതി പ്രവർത്തനം ആരംഭിക്കുന്നതിന്റേയും അതുവഴി പ്ലാൻ ഫണ്ട് വിനിയോഗം മെച്ചപ്പെടുത്തുന്നതിന്റേയും ഭാഗമായി വാർഷിക പദ്ധതി രൂപീകരണം രണ്ട് ഘട്ടങ്ങളിലാക്കി പുനഃക്രമീകരിക്കുകയും, അതിനനുസരണമായി റ്റി.എ.ജിയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും, വാർഷിക പദ്ധതിയുടെ പരിശോധനയും അംഗീകാരവും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ക്രമാനുഗതമായ പദ്ധതി ചെലവ് പുരോഗതി കൈവരിച്ച് പ്ലാൻ ഫണ്ട് വിനിയോഗം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സാമ്പത്തിക വർഷത്തിലെ ഓരോ പാദാന്ത്യത്തിലും കൈവരിക്കേണ്ട ചെലവിന്റെ ടാർജറ്റ് നിശ്ചയിക്കുകയും അതിനനുസരണമായി നിർവ്വഹണ പ്രവർത്തനങ്ങൾ ക്രമീകരിക്കുകയും ചെയ്യുന്നു. |
| (ബി) | പ്ലാൻ ഫണ്ട് ചെലവഴിക്കുന്നതിൽ എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാർ വേണ്ടത്ര സഹകരിച്ചിട്ടില്ലെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ നിജസ്ഥിതി വെളിപ്പെടുത്തുമോ ; | (ബി) | പ്ലാൻ ഫണ്ട് ചെലവഴിക്കുന്നതിൽ എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാർ വേണ്ടത്ര സഹകരിച്ചിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ജീവനക്കാരുടെ കുറവ് മൂലം പദ്ധതി പ്രവർത്തനങ്ങളിൽ പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | കൃഷിയ്ക്കും അനുബന്ധ മേഖലയ്ക്കുമായി കഴിഞ്ഞ വർഷം എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ ? | (സി) | കൃഷിയ്ക്കും അനുബന്ധ മേഖലയ്ക്കുമായി കഴിഞ്ഞ വർഷം പദ്ധതി വിഹിതത്തിൽ നിന്ന് 217,46,86,263 രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.509 15-7-2009-ന് മറുപടിക്ക്

## സുസ്ഥിര നഗരവികസന പദ്ധതി ചെലവുകളുടെ ആഡിറ്റ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ടി.എൻ.പ്രതാപൻ<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. കെ.ബാബു | ശ്രീ.പാലോളി മുഹമ്മദ്കുട്ടി,<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| എ) എ.ഡി.ബി. സഹായത്തോടെ നടപ്പാക്കുന്ന സുസ്ഥിര നഗര വികസന പദ്ധതികൾ സംബന്ധിച്ച് പണികളുടെ ചെലവുകൾ ആഡിറ്റ് ചെയ്യുന്നതിൽ നിന്നും ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിനെ ഒഴിവാക്കിയിട്ടുണ്ടോ;<br><br>ബി) എങ്കിൽ എന്തടിസ്ഥാനത്തിലെന്ന് വിശദീകരിക്കുമോ;<br><br>സി) ഇത്തരം ജോലികളുടെ കണക്ക് ഓഡിറ്റ് ചെയ്യുന്നതിന് ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിനെ വിലക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | എ) യും ബി) യും സി) യും<br><br>എ.ഡി.ബി. സഹായത്തോടെ നടപ്പിലാക്കുന്ന സുസ്ഥിര നഗരവികസന പദ്ധതിയുടെ ചെലവുകൾ കേരള സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും ലഭ്യമാക്കി കെ.എസ്.യു.ഡി.പി. നേരിട്ട് ചെലവാക്കുകയും, ചെലവാക്കുന്നമുറയ്ക്ക് എ.ഡി.ബി. റീഇംബേഴ്സ് ചെയ്യുകയും ചെയ്യുന്നു. ഈ സാഹചര്യത്തിൽ സുസ്ഥിര നഗര വികസന പദ്ധതി ചെലവുകളുടെ ആഡിറ്റ് അക്കൗണ്ടന്റ് ജനറലിന്റെ പൂർണ്ണ അധികാരപരിധിയിൽ നിക്ഷിപ്തമായിരിക്കുന്നു. ആയതുപ്രകാരം അക്കൗണ്ടന്റ് ജനറൽ ആണ് ഓഡിറ്റ് നടത്തുന്നത്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: 510 — 15-7-2009- ൽ മറുപടിക്ക്

### അനധികൃത കെട്ടിട നിർമ്മാണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ. എം. യൂസഫ് :<br>ശ്രീ. വി. എൻ. വാസവൻ :<br>ശ്രീ. വി. ശിവൻകുട്ടി :<br>ശ്രീ. സി. എം. ദിനേശ് മണി :<br>ശ്രീ. എ. പ്രദീപ് കുമാർ : | ശ്രീ. പാലൊളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| (എ) അനധികൃത കെട്ടിട നിർമ്മാണങ്ങൾക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (എ) അനധികൃത കെട്ടിടങ്ങൾക്കെതിരെ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലും, 1994- ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലും, 1999 - ലെ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസിലും വ്യക്തമായി വ്യവസ്ഥ ചെയ്തിട്ടുണ്ട്. അനധികൃത കെട്ടിട നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനും, അവയ്ക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിനും പഞ്ചായത്ത് തലത്തിലും, നഗരസഭാ തലത്തിലും സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ അനധികൃത കെട്ടിട നിർമ്മാണത്തിനെതിരെ നടപടി സ്വീകരിക്കുന്നതിന് ഒരു വിജിലൻസ് സെൽ സെക്രട്ടറിയേറ്റിൽ പ്രവർത്തിച്ചു വരുന്നു. 1994 -ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 235 (W) വകുപ്പ് പ്രകാരവും, 1994 - ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 406-ാം വകുപ്പ് പ്രകാരവും അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തുന്നതിന് നോട്ടീസ് നൽകുക നോട്ടീസുകൾക്ക് വിരുദ്ധമായി തുടരുന്ന നിർമ്മാണങ്ങൾ പൊളിച്ചുമാറ്റുന്നതി |

| | | | |
|---|---|---|---|
| | | | നുമുള്ള നടപടികൾ എന്നിവ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ സ്വീകരിക്കുന്നുണ്ട്. |
| (ബി) | അനുമതിയില്ലാതെ നിർമ്മിച്ച എത്ര കെട്ടിടങ്ങളാണ് ഇപ്പോൾ നിലവിലുള്ളത് എന്ന് കണ്ടെത്തിയിട്ടുണ്ടോ ; | (ബി) | കേരളത്തിലാകമാനമുള്ള അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച് കണക്കെടുത്തിട്ടില്ല. ചില പ്രദേശങ്ങളിൽ അനുമതിയില്ലാതെ നിർമ്മിച്ച കെട്ടിടങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. ഉദാഹരണത്തിന് കോവളം- വിഴിഞ്ഞം ഏരിയായിൽ 223 അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തിയിട്ടുണ്ട്. |
| (സി) | എങ്കിൽ ഇവയ്ക്കെതിരെ കർശന നടപടി സ്വീകരിക്കുമോ ; | (സി) | അനധികൃത നിർമ്മാണത്തിനെതിരെ ചട്ടപ്രകാരമുള്ള നടപടി സ്വീകരിക്കുന്നതിനുള്ള അധികാരം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. |
| (ഡി) | റോഡിനോടു ചേർന്നുള്ള വ്യാപാര സ്ഥാപനങ്ങൾ നടത്തിയിട്ടുള്ള അനധികൃത നിർമ്മാണങ്ങൾ പരിശോധിക്കാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ ; | (ഡി) | റോഡിനോട് ചേർന്നുള്ള വ്യാപാര സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള അനധികൃത നിർമ്മാണങ്ങൾ പരിശോധിക്കുന്നതിന് ഇപ്പോൾ തന്നെ സംവിധാനങ്ങൾ നിലവിലുണ്ട്. |
| (ഇ) | ഇത്തരം സ്ഥാപനങ്ങളുടെ അനധികൃത നിർമ്മാണങ്ങൾ പൊളിച്ചുമാറ്റാൻ തയ്യാറാവുമോ ? | (ഇ) | അനധികൃത കെട്ടിടങ്ങൾക്ക് പ്രൊവിഷണൽ ഓർഡർ, കൺഫർമേഷൻ ഓർഡർ എന്നിവ നൽകുകയും, ക്രമവത്കരിക്കാൻ സാധിക്കാത്തവ നിലവിലുള്ള നിയമങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം നീക്കം ചെയ്യുകയും ചെയ്യാറുണ്ട്. അതയത് ഇനിയും തുടരുന്നതാണ്. |

സെക്ഷൻ ഓഫീസർ